# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 16, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-327]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| കൃഷി വകുപ്പുമന്ത്രി | : 2917 മുതൽ 2998 വരെ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : 2999 മുതൽ 3106 വരെ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : 3107 മുതൽ 3179 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 3180 മുതൽ 3243 വരെ |

### ഗവേഷണ ഫലങ്ങളിലൂടെ കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

2917. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക സർവ്വകലാശാലകൾ ഗവേഷണങ്ങൾ നടത്തി വികസിപ്പിച്ചെടുത്ത കൃഷിപരിപാലന രീതികളടക്കമുള്ള ഗവേഷണ ഫലങ്ങളും നടപടികളും കർഷകരിലെത്തിച്ച് കൃഷി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരം നൽകാമോ;

(ബി) വരുംനാളുകളിൽ പ്രസ്തുത വിഷയങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ കൃഷിവകുപ്പ് തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

### വിത്ത് കൈമാറ്റ കൂട്ടായ്മകൾ

2918. ശ്രീ.കെ. രാജൻ **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### കാർഷിക മേഖലയിലെ ഇടിവ്

2919. ശ്രീ.പാറക്കൽ അബ്ദുല്ല **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18-ൽ 1.72 ശതമാനമായിരുന്ന കാർഷിക മേഖലയിലെ വളർച്ച 2018-19-ൽ 0.52 ശതമാനത്തിലേക്ക് താഴ്കയുണ്ടായോ;

(ബി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യമെന്താണെന്ന് വെളിപ്പെടുത്താമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ വളർച്ചയിൽ കാർഷിക അനുബന്ധ മേഖലയുടെ വിഹിതം നിലവിൽ 8.77 ശതമാനം കുറഞ്ഞതായ സാഹചര്യമുണ്ടോ;

(ഡി) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ ഒരു വർഷത്തിനിടെ 20,107 ഹെക്ടറിന്റെ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ?

<u>സീസണലായി ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങൾ</u>

2920. ശ്രീ.ആർ. രാമചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീസണലായി ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പ്രധാന സർക്കാർ, സഹകരണ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇത്തരം കാർഷികോൽപ്പന്നങ്ങൾ മെച്ചപ്പെട്ട വില നൽകി കർഷകരിൽ നിന്ന് ശേഖരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ മികച്ച ബ്രാന്റിനങ്ങളായി മാറിയിട്ടുള്ള സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പട്ടിക ലഭ്യമാക്കുമോ?

<u>നാണ്യവിള തോട്ടങ്ങളിലെ പഴവർഗ്ഗ കൃഷി</u>

2921. ശ്രീ.എ.പി. അനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാണ്യവിള തോട്ടങ്ങളുടെ നിശ്ചിത വിസ്തൃതി പഴവർഗ്ഗ കൃഷിക്കായി നീക്കിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ പഴവർഗ്ഗങ്ങളാണ് തോട്ടങ്ങളിൽ കൃഷി ചെയ്യുവാൻ അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കൃഷി വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പിന്റെ പ്രതികരണം എന്താണ് എന്ന് വെളിപ്പെടുത്താമോ?

<u>അത്യുല്പാദന ശേഷിയുള്ള വിത്തുകൾ</u>

2922. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൾപ്പെടെയുള്ള വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അതിലൂടെ പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) നല്ലയിനം വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുവാൻ കൃഷിവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഇടനിലക്കാരെ ഒഴിവാക്കാൻ വി.എഫ്.പി.സി.കെ.യുടെ ഇടപെടൽ</u>

2923. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ ഇടനിലക്കാരില്ലാതെ വിപണിയിലെത്തിക്കാൻ എന്ത് പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ കേരള രൂപീകരിച്ചതെന്തിനാണെന്നും അതിന്റെ ഘടനയും പ്രവർത്തനവും എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(സി) കാർഷിക ഉല്പന്നങ്ങൾക്ക് കുറഞ്ഞ വില മാത്രം നൽകി സംഭരിച്ച് വിപണിയിൽ വി.എഫ്.പി.സി.കെ.യുടെ മറവിൽ വൻവിലയ്ക്ക് വിൽക്കുന്നു എന്ന വാർത്ത ശരിയാണോ;

(ഡി) നേന്ത്രക്കായയുടെ വില ഏറ്റവും താഴ്ന്ന നിലയിലെത്തിയിട്ടുപോലും വി.എഫ്.പി.സി.കെ.യോ കൃഷി വകുപ്പോ വിപണിയിൽ ഇടപെടാനോ കർഷകർക്ക് താങ്ങുവില നൽകാനോ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന</u>

2924. ശ്രീ.എസ്.രാജേന്ദ്രൻ

,, ഡി.കെ. മുരളി

,, കെ.കുഞ്ഞിരാമൻ

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ ഉന്നമനത്തിനായി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന മൈക്രോ ഇറിഗേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) കാർഷിക മേഖലയിലെ ജലസേചനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി എന്തെല്ലാം നൂതന ജലസേചന മാർഗ്ഗങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ;

(ഡി) പി.എം.കെ.എസ്.വൈ. അതർ ഇന്റർവെൻഷൻ പദ്ധതി പ്രകാരം വ്യക്തിഗത മഴവെള്ള

സംഭരണികൾ, കുഴൽ കിണറുകൾ, ടാങ്കുകളുടെ പുനരുദ്ധാരണം മുതലായവയ്ക്കായി തുക വിനിയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്നിട്ടുള്ള മാറ്റം

2925. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്നിട്ടുള്ള മാറ്റം സംസ്ഥാന കാർഷിക മേഖലയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഭക്ഷ്യസുരക്ഷയ്ക്കും ഗുരുതരമായ ഭീഷണി ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിക്കാനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഭൂവിനിയോഗത്തിൽ ആകെ കൃഷിവിസ്തൃതിയുടെ എത്ര ശതമാനം വീതമാണ് നാണ്യവിളകൾക്കും ഭക്ഷ്യവിളകൾക്കും ഉള്ളത് എന്ന കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ തെങ്ങ്, നെൽകൃഷി തുടങ്ങി ഭക്ഷ്യവിളകളായ കപ്പ, പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറികൾ, വാഴ, മഞ്ഞൾ, കുരുമുളക്, കശുമാവ്, തോട്ടവിളകൾ, റബ്ബർ, കാപ്പി, തേയില, ഏലം എന്നിവയുടെ ഈ സർക്കാർ കാലയളവിലെ ഭൂവിനിയോഗവും ഉല്പാദനവും എത്രയെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

എസ്.എം.എ.എം. പദ്ധതി

2926. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എം.എ.എം. പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം 2018-19 വർഷത്തിൽ കാർഷികയന്ത്രങ്ങൾ വാങ്ങിയ വകയിൽ കർഷകർക്ക് നൽകാനുള്ള സബ്സിഡി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് യഥാസമയം സബ്സിഡി ലഭ്യമാക്കാത്തത് എന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ ഈ സർക്കാർ വന്നശേഷം എന്തെല്ലാം സഹായങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്; എത്ര രൂപയുടെ സബ്സിഡി നൽകുകയുണ്ടായി; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

2927. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് എന്ന പുതിയ കൃഷിരീതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമൂലം കാർഷിക മേഖലയ്ക്കും കർഷകർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട കൃഷിവകുപ്പ് പദ്ധതികൾ</u>

2928. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, കെ.എസ്.ശബരീനാഥൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.ടി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചത്; അതിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനകം അംഗീകാരം ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രളയാനന്തര പാരിസ്ഥിതിക പുനർനിർമ്മാണം ലക്ഷ്യമിട്ട് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനെ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്; അതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങൾ വഴി കാർഷിക പദ്ധതികൾ</u>

2929. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾ വഴി കാർഷിക പദ്ധതികൾ വിപുലീകരിച്ച് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള കൃഷിരീതി</u>

2930. ശ്രീ.വി. ജോയി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്ന രീതി അനുവർത്തിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കേരള കാർഷിക സർവ്വകലാശാല എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

<u>വിത്ത് ബാങ്ക് പദ്ധതി</u>

2931. ശ്രീ.സി. ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമായി ആവിഷ്കരിച്ച വിത്ത് ബാങ്ക് പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പരമ്പരാഗത വിത്തിനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെ പ്രവർത്തനം</u>

2932. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിജ്ഞാന വ്യാപനത്തിനായി കേന്ദ്ര സർക്കാർ നൽകിയ പണം വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ആത്മയിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണം കിട്ടാത്തതിനാൽ പദ്ധതിയുടെ ഭാഗമായുള്ള കാർഷിക പരിശീലനം, പര്യടനം തുടങ്ങിയ പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുണ്ടോ;

(ഡി) ജീവനക്കാർക്ക് മുടങ്ങിയ ശമ്പളം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>വിഷരഹിത പച്ചക്കറി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ</u>

2933. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി വ്യാപിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് എത്തിക്കുന്ന പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

2934. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ മുഖേന പച്ചക്കറിതൈകൾ നൽകുന്ന പദ്ധതിയുടെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി ഈ സർക്കാർ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജൈവമാലിന്യങ്ങളിൽ നിന്നുല്പാദിപ്പിക്കുന്ന വളം ജൈവകർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി ആസൂത്രണം ചെയ്യുമോ; വിശദാംശം നൽകുമോ?

## പച്ചക്കറി വിളകളുടെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ

2935. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിളകളുടെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ആയി തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പച്ചക്കറി കൃഷിക്കായി എന്തെല്ലാം സഹായങ്ങളാണ് കൃഷി ഭവൻ മുഖേന കർഷകർക്ക് നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കാമോ?

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

2936. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി മികച്ച ഇനം പച്ചക്കറി വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജൈവകാർഷിക രംഗത്തെ നേട്ടങ്ങൾ

2937. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകാർഷിക രംഗത്തെ നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) നാളികേര സമൃദ്ധിക്കായി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(സി) രാസവിമുക്ത പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതികൾ വെളിപ്പെടുത്താമോ;

(ഡി) പച്ചക്കറി കൃഷിയിൽ സമ്പൂർണ്ണമായി ജൈവമാർഗ്ഗം അവലംബിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## മട്ടുപ്പാവിലെ പച്ചക്കറികൃഷി

2938. **ശ്രീ.കെ.എൻ.എ ഖാദർ**

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മട്ടുപ്പാവിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും വകുപ്പ് ഇപ്പോൾ നൽകി വരുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ ഈയിനത്തിൽ ചെലവഴിച്ച തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാണോ;

ഈയിനത്തിൽ നൽകിയിരുന്ന ഏതെങ്കിലും മുൻപദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) മട്ടുപ്പാവിലെ പച്ചക്കറി കൃഷിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ വേണ്ട അവബോധം ഉണ്ടാക്കുന്നതിനും ഈ രീതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാമോ?

<u>പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഗുണനിലവാര പരിശോധന</u>

2939. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനയിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര പേരെ കുറ്റക്കാരായി കണ്ടെത്തി; എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവരിൽ വിപണനം നടത്തുന്നവർ എത്രയെന്നും വിതരണക്കാർ എത്രയെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണകരമല്ലാത്തതും വിഷലിപ്തമായതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് തടയുന്നതിനും അവ വിപണനം നടത്തുന്നവർക്കെതിരെ ആവശ്യമായ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുവാനും അവയുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്താനുമായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>പച്ചക്കറി-പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

2940. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ സംസ്ഥാനത്ത് നിന്നും ലഭ്യമായ അളവ് എത്ര; ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതിന്റെ അളവ് എത്ര; വ്യക്തമാക്കാമോ;

(സി) സംസ്ഥാനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; പ്രസ്തുത മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ഇനി എത്ര കാലം വേണ്ടി വരുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി</u>

2941. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് മുഖേന 2019-20-ൽ സംഭരിച്ച പഴം, പച്ചക്കറി എന്നിവയുടെ തൂക്കവും അവയ്ക്ക് വരുന്ന വിലയും എത്രയെന്ന്

വ്യക്തമാക്കാമോ;

(ബി) ഇതിൽ കർഷകരിൽ നിന്നും സംഭരിച്ചതും മറ്റ് ഏജൻസികളിൽ നിന്നും സംഭരിച്ചതും പ്രത്യേകം വ്യക്തമാക്കാമോ;

(സി) ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് എത്ര സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എത്ര ഫ്രാഞ്ചൈസി സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അറിയിക്കാമോ;

(ഡി) കൂടുതൽ സ്റ്റാളുകൾ തുറന്ന് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>തരിശ് കൃഷിഭൂമിയിൽ നെൽകൃഷി</u>

2942. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നിലവിൽ വന്ന 2008ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടങ്ങളുണ്ടായിരുന്നെന്നും നിലവിൽ എത്ര ഹെക്ടർ നെൽപ്പാടമാണ് ഉള്ളതെന്നും അറിയിക്കാമോ;

(ബി) തരിശ് കൃഷിഭൂമിയിൽ നെൽകൃഷി ഉറപ്പാക്കുന്നതിന് 2008-ലെ നിയമത്തിൽ കൊണ്ടുവന്ന നിബന്ധന പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>നെൽകൃഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ</u>

2943. ശ്രീ.അനിൽ അക്കര
,, കെ.എസ്.ശബരീനാഥൻ
,, വി.പി.സജീന്ദ്രൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിക്കും എന്നും നെല്ലുൽപാദനം പത്ത് ലക്ഷം ടണ്ണാക്കും എന്നുമുള്ള വാഗ്ദാനങ്ങൾ പാലിക്കാൻ സാധിച്ചിട്ടുണ്ടോയെന്നറിക്കുമോ;

(ബി) റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>കൈപ്പാട് നെൽകൃഷി</u>

2944. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി മേഖലയിൽ എത്ര ഹെക്ടറിൽ അധിക കൃഷി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്നും എത്ര ക്വിന്റൽ നെല്ല് അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ കൈപ്പാട് കൃഷി ഏതൊക്കെ ജില്ലകളിലാണ് ചെയ്യുന്നതെന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടി

2945. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) നെല്ലിന്റെ താങ്ങുവില ഇപ്പോഴുള്ളതിൽ നിന്നും വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദിവരങ്ങൾ നൽകുമോ?

## നീര ഉല്പാദന പദ്ധതി

2946. ശ്രീ.റോജി എം. ജോൺ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർ വളരെയേറെ പ്രതീക്ഷയോടെ കണ്ടിരുന്ന നീര ഉല്പാദന പദ്ധതി പ്രതിസന്ധിയിലായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയെ നിലവിലെ പരിതാപകരമായ സ്ഥിതിയിൽ നിന്നും ഉയർത്തിക്കൊണ്ടുവരുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; അത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനസജ്ജമായ എത്ര നീര ഉല്പാദക കമ്പനികളുണ്ടെന്ന വിവരം ലഭ്യമാണോ;

(ഡി) നീര പൊതു ബ്രാന്റിൽ വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

## തേങ്ങയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടി

2947. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തേങ്ങയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

## റബ്ബറിന്റെ പാക്കേജിനായി വകയിരുത്തിയ തുക

2948. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബറിന്റെ പാക്കേജിനായി എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) റബ്ബറിന്റെ വില താഴാതെ പിടിച്ചു നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>കർഷക പെൻഷൻ</u>

2949. **ശ്രീ.**മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ ലഭിച്ചിരുന്നവരിൽ പലർക്കും പെൻഷൻ നിരാകരിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷക പെൻഷനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) നിലവിൽ കർഷക പെൻഷൻ കുടിശികയുണ്ടോ; എങ്കിൽ അത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>കർഷക ക്ഷേമനിധി</u>

2950. **ശ്രീ.**വി**.**ഡി**.**സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരള കർഷക ക്ഷേമനിധി ബിൽ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കർഷക പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവർക്ക് നിലവിൽ ലഭിക്കുന്ന പെൻഷൻ എത്രയാണ്;

(സി) അവർ കർഷക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതോടെ അവരുടെ പെൻഷനിൽ വർദ്ധനവ് ഉണ്ടാകുമോ;

(ഡി) കിസാൻ അഭിമാൻ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് കർഷക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിന് സാധിക്കുമോ; എങ്കിൽ അവർക്ക് കേന്ദ്രത്തിൽ നിന്നും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷന് പുറമെ കർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുമോയെന്ന് അറിയിക്കാമോ?

<u>കർഷക പെൻഷൻ നൽകാൻ ചെലവഴിച്ച തുക</u>

2951. **ശ്രീ.**യു**.** ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകന് നൽകിയിരുന്ന പ്രതിമാസ പെൻഷൻ എത്ര രൂപയായിരുന്നു;

(ബി) നിലവിൽ പ്രതിമാസ കർഷക പെൻഷൻ എത്ര രൂപയാണ്;

(സി) 2015-16 സാമ്പത്തിക വർഷം പ്രസ്തുത പെൻഷൻ നൽകാൻ എത്ര കോടി രൂപയാണ് ചെലവഴിച്ചത്; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ കർഷക പെൻഷൻ നൽകുന്നതിന് ചെലവഴിച്ച തുക പ്രത്യേകം വ്യക്തമാക്കുമോ?

## ആത്മഹത്യ ചെയ്ത കർഷകകുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ

2952. ശ്രീ.വി.ഡി.സതീശൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.ടി.ബൽറാം

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തെത്തുടർന്ന് മാനസിക പ്രയാസവും സാമ്പത്തിക പ്രതിസന്ധിയും മൂലം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്തത് ഏത് ജില്ലയിലാണ്;

(സി) ഇപ്രകാരം ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഡി) വാഹനാപകടത്തിൽ മരിക്കുന്നവർക്ക് പോലും ഇരുപത്തിയഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്ക് വേണ്ടി ജീവിതം ഹോമിക്കുന്ന കർഷകരുടെ കുടുംബങ്ങൾക്ക് ഉയർന്ന നിരക്കിലുള്ള ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

## കൃഷി നാശത്തിന് നഷ്ടപരിഹാരം

2953. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലമോ പെട്ടന്നുണ്ടാകുന്ന കീടങ്ങളുടെ ആക്രമണം മൂലമോ ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കാത്തതുമൂലം കർഷകർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിള ഇൻഷുറൻസിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കീടാണുക്കളുടെ ആക്രമണമോ കാലാവസ്ഥ വ്യതിയാനമോ മൂലം സംഭവിക്കുന്ന കൃഷി നാശങ്ങൾക്കുംകൂടി കർഷകന് സമയബന്ധിതമായി നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## കനത്ത ചൂടിലും വരൾച്ചയിലും ഉണ്ടായ കൃഷിനാശം

2954. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കനത്ത ചൂടിലും വരൾച്ചയിലും സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതുമൂലം എത്ര ഹെക്ടർ കൃഷിയാണ് നശിച്ചതെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിൽ വന്നിട്ടുള്ള വ്യാപക കൃഷിനാശം മൂലം വരുംനാളുകളിൽ പഴം-പച്ചക്കറി വിപണികളിൽ വിലവർദ്ധനവിന് സാധ്യത കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം കൃഷി നഷ്ടപ്പെട്ട കർഷകർക്ക് അടിയന്തര ധനസഹായം അനുവദിയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കർഷക കടാശ്വാസ കമ്മീഷൻ വഴിയുള്ള സഹായങ്ങൾ

2955. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കർഷകരുടെ അപേക്ഷകൾ യഥാസമയം പരിഹരിക്കുന്നതിനായി എത്ര സിറ്റിംഗാണ് ഓരോ ജില്ലയിലും കർഷക കടാശ്വാസ കമ്മീഷൻ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കർഷകർക്കുള്ള പ്രളയ ദുരിതാശ്വാസം

2956. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സഹായത്തിന് കടാശ്വാസ കമ്മീഷൻ ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിൻ പ്രകാരം എത്ര തുക അവാർഡ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## 2019-ലെ പ്രളയത്തിൽ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം

2957. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരമായി വിതരണം ചെയ്യാനുള്ള ഇനത്തിൽ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര രൂപ നൽകാനുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ;

(സി) 2018-ലെ പ്രളയത്തിൽ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരമായി നാളിതുവരെ വയനാട് ജില്ലയിൽ എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

## പ്ലാന്റേഷൻ കോർപ്പറേഷന്റെ വരുമാനം

2958. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ നിന്നും 2015-16 മുതൽ 2018-19 വരെ ലഭിച്ച വരുമാനവും അറ്റലാഭവും എത്രയാണ്;

(സി) പ്രസ്തുത തോട്ടത്തിൽ നിന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ലഭിച്ച വരുമാനവും അറ്റലാഭവും എത്രയാണെന്ന് വെളിപ്പെടുത്താമോ ?

## വിള ഇൻഷ്വറൻസ് പദ്ധതികൾക്ക്ബദൽ

2959. ശ്രീ.പി.ഉബൈദുള്ള

,, എം. സി. കമറുദ്ദീൻ

,, എൻ .എ.നെല്ലിക്കുന്ന്

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് സംസ്ഥാനത്തെ കർഷകർക്കിടയിൽ വേണ്ടത്ര താല്പര്യമില്ലെന്ന കാര്യത്തെപ്പറ്റി അറിവുണ്ടോ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനത്തെ എത്ര കർഷകർ കേന്ദ്ര സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതികളിൽ ചേർന്നിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം അറിയുമോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) കർഷകർ ബഹിഷ്ക്കരിച്ച നിലവിലെ ഇൻഷ്വറൻസ് പദ്ധതികൾക്ക് പകരം കൃഷിക്കാർക്ക് സ്വീകാര്യമായതും അനാവശ്യ നൂലാമാലകളില്ലാതെ അർഹമായ സഹായം ലഭ്യമാക്കുന്നതുമായ ബദൽ പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

## വിള ഇൻഷ്വറൻസ് സ്കീം

2960. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രവചനാതീതമായ കാലാവസ്ഥ കണക്കിലെടുത്ത് കർഷകരുടെ വിളകൾ ഇൻഷ്വർ ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി വിളകൾക്ക് എത്ര രൂപയാണ് നഷ്ടപരിഹാരം നല്കുന്നത് എന്നറിയിക്കാമോ?

## നിരോധിക്കപ്പെട്ട കീടനാശിനികളുടെ പട്ടിക

2961. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൂഷ്യഫലങ്ങൾ കൃത്യമായി മനസ്സിലാക്കാതെ മാരക വിഷം അടങ്ങിയ കീടനാശിനികൾ കർഷകർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2020 ജനുവരി ഒന്ന് മുതൽ നാളിതു വരെ സംസ്ഥാനത്ത് ഏതെങ്കിലും കീടനാശിനികൾ നിരോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) നിരോധിക്കപ്പെട്ട കീടനാശിനികളുടെ പട്ടിക കൃഷിഭവനുകളിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഡി) ദൂഷ്യഫലങ്ങൾ ഇല്ലാത്ത ജൈവ കീടനാശിനികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹനവും പരിശീലനവും നൽകുമോ എന്നറിയിക്കാമോ?

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

2962. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിതരായ കർഷകരുടെ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത് എത്രകാലത്തേക്കാണെന്ന് അറിയിക്കാമോ;

(ബി) മൊറട്ടോറിയം കാലത്തെ പലിശയിൽ ഇളവ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മൊറട്ടോറിയത്തിന്റെ അടിസ്ഥാനത്തിൽ എത്ര അപേക്ഷകർക്കാണ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആശ്വാസം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കമോ?

## കർഷകരുടെ വായ്പകൾ പലിശ അടച്ച് പുതുക്കി നിശ്ചയിക്കുവാൻ നടപടി

2963. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകളുടെ മൊറട്ടോറിയം കാലാവധി തീരുന്ന സാഹചര്യത്തിൽ കർഷകരെടുത്ത വായ്പകളുടെ പലിശ ഏറ്റെടുക്കാൻ കൃഷിവകുപ്പിന് ഉദ്ദേശമുണ്ടോയെന്നറിയിക്കാമോ;

(ബി) കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകരുടെയും മറ്റ് ഇടത്തരം കർഷകരുടെയും ചെറുകിട കർഷകരുടെയും ഹ്രസ്വകാല, ദീർഘകാല വായ്പകളുടെ പലിശയിൽ ഇളവ് നൽകുവാൻ സർക്കാർ തീരുമാനമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ കർഷകരുടെ വായ്പകൾ പലിശ അടച്ച് പുതുക്കി നിശ്ചയിക്കുവാൻ കൃഷി വകുപ്പ്

തയ്യാറാകുമോ എന്ന് വിശദീകരിക്കാമോ;

(ഡി) പുതുക്കാത്ത വായ്പകളെ നിഷ്ക്രിയ ആസ്തിയായി കണക്കാക്കി നടപടികളുമായി മുന്നോട്ട് പോകുവാൻ ബാങ്കുകൾ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>പ്രളയത്തെ തുടർന്ന് കൃഷി വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതി</u>

2964. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് പ്രത്യേക സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതിനായി കൃഷി വകുപ്പ് കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനെല്ലാം കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവെന്നും ഇതിനായി എത്ര തുകയാണ് കേന്ദ്രം അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>കെ.എൽ.ഡി.സി. മുഖേന കൃഷിവകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ</u>

2965. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷം കെ.എൽ.ഡി.സി. മുഖേന കൃഷിവകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

<u>പശ്ചിമകൊച്ചിയിൽ കൃഷി ഓഫീസിന്റെ സബ് സെന്റർ</u>

2966. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശ്ചിമകൊച്ചിയിൽപ്പെട്ട കൊച്ചിൻ കോർപ്പറേഷന്റെ ഡിവിഷനിലുള്ളവർക്ക് കാർഷിക സബ്സിഡി ഉൾപ്പെടെയുള്ള കാർഷിക ആവശ്യങ്ങൾക്കായി വൈറ്റിലയിൽ പ്രവർത്തിക്കുന്ന കൃഷി ഓഫീസിൽ എത്തിച്ചേരുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആഴ്ചയിൽ മൂന്നു ദിവസം ഇതിന്റെ ഒരു സബ് സെന്റർ പശ്ചിമകൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കൃഷി അസിസ്റ്റന്റ് തസ്തികയ്ക്കുള്ള യോഗ്യത</u>

2967. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയ്ക്ക് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള അഗ്രികൾച്ചറിലുള്ള ഡിപ്ലോമ എന്നത് ഭേദഗതി ചെയ്ത് അഗ്രികൾച്ചറിലുള്ള ഡിപ്ലോമ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ എന്നാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കൃഷി അസ്സിസ്റ്റന്റ് തസ്തികയിലെ നിയമനം

2968. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസ്സിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്കും കൃഷി ശാസ്ത്രത്തിൽ ബിരുദമുള്ളവർക്കും തുല്യപരിഗണന നല്കിക്കൊണ്ടാണോയെന്നറിയിക്കുമോ;

(ബി) മറ്റു യോഗ്യതയുള്ളവർക്കും ഈ നിയമനത്തിൽ തുല്യപരിഗണന നല്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കെ.എൽ.ഡി.സി. മുഖേന മങ്കട തോട് നവീകരണം

2969. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മങ്കട തോട് നവീകരണവുമായി ബന്ധപ്പെട്ട് കേരളാ ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തോട് നവീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) മങ്കട തോട് നവീകരണത്തിന് ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ജൈവ വൈപ്പിൻ പദ്ധതി

2970. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായി വരുന്ന പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടും മാനേജ്മെന്റ് പ്ലാനും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിനായി അനുവദിക്കപ്പെട്ടിരുന്ന സമയപരിധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം വിവരങ്ങളാണ് ഹൈഡ്രോഗ്രാഫിക് വകുപ്പിൽ നിന്നും ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## വയനാട് ജില്ലയിലെ പഞ്ചായത്തുതല ആഴ്ചചന്തകൾ

2971. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് കർഷകർക്ക് അവസരം ലഭ്യമാക്കുന്നതിന് ആരംഭിച്ച പഞ്ചായത്തുതല ആഴ്ചചന്തകൾ വയനാട് ജില്ലയിലെ ഏതെല്ലാം

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ചന്തകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള ചന്തകൾ കൂടുതൽ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>വയനാട് ജില്ലയിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണം</u>

2972. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്; ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>തഴക്കര പഴഞ്ചിറക്കുളം സംരക്ഷിക്കുന്നതിനുള്ള നടപടി</u>

2973. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഴഞ്ചിറക്കുളം സംരക്ഷിക്കുന്നതിന് കെ.എൽ.ഡി.സി. മുഖേന നൽകിയ എസ്റ്റിമേറ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിക്കും മറ്റാവശ്യങ്ങൾക്കും ഈ കുളത്തിലെ ജലം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുളം സംരക്ഷിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

<u>ഹരിപുരം കെ.എൽ.ഡി.സി. ബണ്ടിന്റെ സംരക്ഷണ പ്രവൃത്തികൾ</u>

2974. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഹരിപുരം കെ.എൽ.ഡി.സി. ബണ്ടിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി പുതിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഡീസിൽറ്റിംഗ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലയെങ്കിൽ ഡീസിൽറ്റിംഗ് കൂടി ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>വാഴകൾ നശിച്ചതിന് ഇൻഷ്വറൻസ് ലഭിക്കാത്തത് സംബന്ധിച്ച പരാതി</u>

2975. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഷ്വർ ചെയ്തിട്ടും പ്രളയത്തിൽ വാഴകൾ നശിച്ചതിന് ഇൻഷ്വറൻസ് തുക ലഭിക്കാത്തത് ചൂണ്ടിക്കാണിച്ചുകൊണ്ട് പോയിലന്മാരിൽ രവീന്ദ്രൻ, കള്ളാടിപറ്റ, പട്ടാമ്പി എന്നയാൾ നൽകിയ പരാതിയിൽ തുക നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കൃഷി വകുപ്പ് മന്ത്രി ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ കൃഷി ഫാമുകൾ

2976. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര കൃഷി ഫാമുകൾ ഉണ്ട് എന്നും ഏതെല്ലാം സ്ഥലത്താണ് അവ പ്രവർത്തിക്കുന്നത് എന്നും വെളിപ്പെടുത്താമോ;

(ബി) ഓരോ കൃഷിഫാമിലേയും സ്ഥിരം ജീവനക്കാരുടെ തസ്തിക വിശദാംശം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം നടീൽ വസ്തുക്കളും വിത്തുകളും ആണ് ഇവിടെ ഉല്പാദിപ്പിച്ചുവരുന്നത് എന്നറിയിക്കാമോ;

(ഡി) ശരാശരി ഒരു വർഷത്തെ വിറ്റുവരവ് എത്ര രൂപയാണ്;

(ഇ) കൃഷിഫാമിന്റെ പ്രവർത്തനം കൂടുതൽ കർഷക സൗഹൃദമാക്കിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

മുണ്ടേരി വിത്തുകൃഷി തോട്ടത്തിനുള്ള വികസന പദ്ധതികൾ

2977. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ ഇരുപത് വർഷം മുമ്പ് ഉണ്ടായിരുന്ന വിവിധ വിളകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2019ൽ പ്രസ്തുത കൃഷി തോട്ടത്തിൽ ഉള്ള വിളകളുടെ എണ്ണം ഇനം തിരിച്ച് വിശദമാക്കാമോ;

(സി) കഴിഞ്ഞ ഇരുപത് വർഷത്തിൽ വിളകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ശരിയായ കാരണം വിശദമാക്കാമോ;

(ഡി) റീബിൽഡ് കേരള പദ്ധതിയിൽ മുണ്ടേരി വിത്തുകൃഷി തോട്ടത്തിന്റെ നവീകരണത്തിന് അനുവദിച്ച തുകയും ചെലവഴിക്കേണ്ട ഇനങ്ങളും വിശദമാക്കാമോ;

(ഇ) പ്രസ്തുത തുകയിൽ വന്യമൃഗശല്യം തടയുന്നതിനുള്ള പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം വിശദമാക്കാമോ; വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സ്വീകരിച്ച നടപടിയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) മുണ്ടേരി വിത്തുകൃഷി തോട്ടത്തെ കേരളത്തിലെ തന്നെ ഏറ്റവും നല്ല കൃഷിഫാം ആക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം

2978. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കനത്ത മഴയിലും പ്രകൃതിക്ഷോഭത്തിലും വർക്കല മണ്ഡലത്തിൽ കൃഷി നശിച്ച എത്ര കർഷകർക്ക് വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(ബി) ആകെ എത്ര രൂപയാണ് നല്കിയിട്ടുള്ളതെന്ന കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിൽ സഹസ്ര സരോവർ പദ്ധതി

2979. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

## വാഴയൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചപ്പാടത്ത് ഉണ്ടാകുന്ന കൃഷിനാശം

2980. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിൽ പുഞ്ചപ്പാടത്തെ കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ കൃഷി നശിക്കുന്നവർക്ക് ഏതെങ്കിലും രീതിയിലുള്ള സഹായങ്ങൾ നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കോൾ കർഷകരുടെ പ്രോൽസാഹനത്തിന് ചെയ്തുവരുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിൽ ജീവനി പദ്ധതി

2981. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## പാലക്കാട് ജില്ലയിൽ കേരഗ്രാമം പദ്ധതി

2982. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) കേര കേരളം- സമൃദ്ധ കേരളം പദ്ധതി പാലക്കാട് ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ചാലക്കുടി കാട്ടുകുറ്റി പഞ്ചായത്തിലെ ചാത്തൻചാൽ സംരക്ഷണം</u>

2983. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാട്ടുകുറ്റി പഞ്ചായത്തിലെ ചാത്തൻചാൽ സംരക്ഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കെ.എൽ.ഡി.സി. വഴി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ചാത്തൻ ചാൽ സംരക്ഷണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി</u>

2984. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വിള ഇൻഷ്വൻസ് പദ്ധതിയിൽ ചേർന്നവരിൽ എത്ര പേർക്ക് ഇനിയും പോളിസി സർട്ടിഫിക്കറ്റ് നൽകാനുണ്ടെന്നും ഏതു വർഷം മുതലുള്ള അപേക്ഷകളിലാണ് പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളതെന്നും വിശദമാക്കാമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവരിൽ ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിലെ സഹസ്ര സരോവർ പദ്ധതി</u>

2985. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

<u>മാവേലിക്കര മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി</u>

2986. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാവേലിക്കര നിയമസഭാമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## ബ്ലാംധേവർ വാട്ടർ ഷെഡ് പദ്ധതി

2987. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ നിർദ്ദിഷ്ട ബ്ലാംധേവർ വാട്ടർ ഷെഡ് പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കൊട്ടാരക്കര മണ്ഡലത്തിൽ ഹരിതകേരളം പദ്ധതികൾ

2988. **ശ്രീമതിപി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെങ്കിലും പുതിയ പദ്ധതികൾ നിയോജകമണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കൊടുവായൂർ വൃദ്ധസദനത്തിനുള്ള കെ.എൽ.യു.

2989. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കൊടുവായൂർ വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് കെ.എൽ.യു ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ

2990. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കേരഗ്രാമം പദ്ധതി

2991. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷിഭവനുകൾ ഏതൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിൽ ഓരോ കൃഷിഭവൻ പരിധിയിലും എത്ര ലക്ഷം രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കേരഗ്രാമം പദ്ധതിയിൽ ഏതൊക്കെ തരത്തിൽ ഉള്ള ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നെയ്യാറ്റിൻകര മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കൃഷിഭവൻ ഏതാണെന്ന് വ്യക്തമാക്കാമോ?

<u>കരുനാഗപ്പള്ളി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി</u>

2992. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്നും ആയതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും വിശദീകരിക്കുമോ;

(സി) വിവിധ കാർഷിക പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി സോഷ്യൽ ആഡിറ്റിംഗ് നിലവിലുണ്ടോ; വിശദീകരിക്കുമോ?

<u>കാർഷിക മേഖലയുടെ കാർഷിക പരിസ്ഥിതി മേഖലകളായുള്ള പുനർവിഭജനം</u>

2993. ശ്രീ.സി. ദിവാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ
,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയെ ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും ജൈവ വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ കാർഷിക പരിസ്ഥിതി മേഖലകളായി പുനർവിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത മേഖലകൾ എത്രയെണ്ണമാണ് നിലവിലുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം പ്രത്യേക മേഖലകളായി തിരിക്കുന്നതിന്റെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിൽ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കുന്നതിന് കാർഷിക പരിസ്ഥിതി മേഖലകൾ സഹായകരമാകുമോയെന്ന്

വ്യക്തമാക്കുമോ;

(ഇ) ഓരോ കാർഷിക പരിസ്ഥിതി മേഖലയ്ക്കും പ്രത്യേക വിള പരിചരണ മുറകൾ തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>മണ്ണിന്റെ ഗുണം നോക്കി പാരിസ്ഥിതിക മേഖലകളാക്കുന്ന നടപടി</u>

2994. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ഗുണം നോക്കി കേരളത്തെ അഞ്ച് പാരിസ്ഥിതിക മേഖലകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എപ്രകാരം സഹായകരമാകും എന്ന് വിശദീകരിക്കുമോ?

<u>മണ്ണിന്റെ ഗുണം നോക്കിയുള്ള പാരിസ്ഥിതിക മേഖലകൾ</u>

2995. ശ്രീ.പാറക്കൽ അബ്ദുല്ല

,, പി.കെ.അബ്ദു റബ്ബ്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ഗുണം നോക്കി കേരളത്തെ അഞ്ച് പാരിസ്ഥിതിക മേഖലകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എപ്രകാരം സഹായകരമാകും എന്ന് വിശദീകരിക്കുമോ?

<u>ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം</u>

2996. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി പ്രൊമോഷൻ നൽകുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ 2019 ഏപ്രിൽ മാസത്തിൽ 61 പേർ അടങ്ങിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോ; ഈ ലിസ്റ്റ് പ്രാബല്യത്തിലുണ്ടോ; ആയത് ലഭ്യമാക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 2016 മുതൽ 2019 വരെ ആകെ 10 ഒഴിവുകൾ ഉണ്ടായിട്ടും ഈ ഒഴിവുകളിലേയ്ക്ക് ഒരുമിച്ച് പ്രൊമോഷൻ നടത്താൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള ഭരണപരമായ കാലതാമസം ഗൗരവമായി കണ്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ 2020ൽ പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര പേർക്കാണ് ഈ വർഷം പ്രൊമോഷൻ

നൽകിയതെന്ന് പറയാമോ;

(ഇ) 2019 ഏപ്രിലിൽ തയ്യാറാക്കിയ 61 പേരുടെ സീനിയോറിറ്റി ലിസ്റ്റ് ഉണ്ടായിട്ടും 10/02/2020ൽ പുറത്തിറക്കിയ കരട് സീനിയോറിറ്റി ലിസ്റ്റിൽ അഞ്ച് പേർ മാത്രം ഉൾപ്പെടാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഫീൽഡ് അസിസ്റ്റന്റ് പ്രൊമോഷൻ തസ്തിക ഈ വകുപ്പിലെ ഏതെല്ലാം വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് അനുവദിക്കുന്നത്; ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ, സ്പെഷ്യൽ റൂൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; സ്പെഷ്യൽ റൂൾ ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഈ വകുപ്പിലെ ക്ലാസ് IV ജീവനക്കാർക്ക് മാത്രം ലഭിച്ചിരുന്ന ഫീൽഡ് അസിസ്റ്റന്റ് പ്രൊമോഷൻ എന്ന് മുതലാണ് മറ്റ് കാറ്റഗറിയിലുള്ള ജീവനക്കാർക്കും അനുവദിച്ച് തുടങ്ങിയതെന്ന് പറയാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ; നിലവിലുള്ള എല്ലാ ഫീൽഡ് അസിസ്റ്റന്റ് പ്രൊമോഷൻ തസ്തിക ഒഴിവുകളിലേയ്ക്കും അടിയന്തരമായി പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

## കേരള കാർഷിക സർവ്വകലാശാലയിലെ താൽക്കാലിക തൊഴിലാളി നിയമനം

2997. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ താൽക്കാലിക (കാഷ്വൽ) തൊഴിലാളികളെ നിയമിക്കുന്നതിന് 2020 ഫെബ്രുവരി മാസം ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ;

(ബി) എത്ര താൽക്കാലിക തൊഴിലാളികളെ നിയമിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും ഒരു ദിവസം എത്ര ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തുന്നതിനാണ് കത്തയച്ചിരുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര-കേരള സർക്കാർ സർവ്വീസിൽ ക്ലാസ്സ് 3, ക്ലാസ്സ് 4 തുടങ്ങിയ താഴ്ന്ന തസ്തികകളിൽ നിയമനത്തിന് ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഏതടിസ്ഥാനത്തിലാണ് കാഷ്വൽ തൊഴിലാളി നിയമനത്തിന് ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) കാഷ്വൽ തൊഴിലാളി നിയമനത്തിന് സ്കിൽ ടെസ്റ്റിന് ലഭിച്ച മാർക്ക് ഭരണ സമിതി അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇന്റർവ്യൂ ബോർഡിന് നൽകിയിട്ടുണ്ടോ; എങ്കിൽ നിയമനത്തിൽ സുതാര്യത ഉറപ്പു വരുത്തേണ്ട സർവ്വകലാശാല സ്കിൽ ടെസ്റ്റിന് ലഭിച്ച മാർക്ക് ഇന്റർവ്യൂ ബോർഡിന് നൽകിയത് എന്തിനാണെന്ന് വിശദീകരിയ്ക്കുമോ;

(ഇ) കാഷ്വൽ തൊഴിലാളി നിയമനത്തിന് തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; പ്രതിവർഷം ഇത്രയും തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് എത്ര രൂപ സർവ്വകലാശാലയ്ക്ക് അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

## കാർഷിക സർവ്വകലാശാലയിലെ തൊഴിലാളി നിയമനവുമായി ബന്ധപ്പെട്ട കേസ്സുകൾ

2998. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ തൊഴിലാളി നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ എന്തെങ്കിലും കേസുകൾ നിലനിൽക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സുകളുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ്

2999. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വകുപ്പുകൾ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ജീവനക്കാരുടെ സീനിയോറിറ്റി തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പിൽ 2019-20 വർഷത്തെ പദ്ധതികളുടെ പൂർത്തീകരണം, 2020ലെ പദ്ധതികളുടെ രൂപീകരണം, നികുതി പിരിവ്, ലൈസൻസ്, ഹരിത-ശുചിത്വ പ്രവർത്തനങ്ങൾ, ഫ്ളക്സ് ബോർഡുകൾ നീക്കംചെയ്യൽ, വോട്ടർപട്ടിക പുതുക്കൽ, വാർഡ് വിഭജനം തുടങ്ങിയ ജോലികൾക്കിടെ പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ സെൻസസ് ജോലികൾക്ക് നിയോഗിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ സെൻസസ് ജോലികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്

3000. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയും; ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ പ്രവർത്തനം

3001. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിന് വേണ്ടി നടപ്പിലാക്കിയ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) നിലവിൽ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) ആകെ എത്ര തുകയാണ് പദ്ധതിക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതുവരെ എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ;

(ഡി) അനുവദിച്ച തുക പ്രസ്തുത പദ്ധതിക്ക് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

തദ്ദേശസ്ഥാപന ഓഫീസുകളോട് ചേർന്ന് പുതിയ കെട്ടിടങ്ങൾ

3002. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഫീസുകളോട് ചേർന്ന് ഓരോ വർഷവും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ നിർമ്മിച്ച ശുചിമുറികൾ ഉൾപ്പെടെ പല കെട്ടിടങ്ങളും ഉപയോഗയോഗ്യമല്ലാത്ത നിലയിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം ആവശ്യമില്ലാത്ത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ നിയന്ത്രണം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പെർഫോമൻസ് ഓഡിറ്റ് സമ്പ്രദായം

3003. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതി നടത്തിപ്പിലെ സാമ്പത്തിക സുതാര്യത ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യം വച്ച് ആരംഭിച്ച പെർഫോമൻസ് ഓഡിറ്റ് സമ്പ്രദായം ഈ സർക്കാർ പൂർണമായും പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള പെർഫോമൻസ് ഓഡിറ്റ് സമ്പ്രദായം പിൻവലിച്ചത് ഏതെങ്കിലും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചാണോ; ആണെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സാമ്പത്തിക ബാധ്യതയുടെയും ഫലപ്രാപ്തി ഇല്ലെന്നതിന്റെയും പേരിൽ ഓഡിറ്റ് സമ്പ്രദായങ്ങൾ പിൻവലിക്കുന്നതിലൂടെ എന്ത് സന്ദേശമാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ സർക്കാരിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാമോ;

(ഡി) ആഭ്യന്തര വകുപ്പിലുൾപ്പെടെ വൻ ക്രമക്കേടുകൾ ബന്ധപ്പെട്ട ഓഡിറ്റ് മുഖേന കണ്ടെത്തിയത് മൂടിവയ്ക്കാൻ ശ്രമിക്കുന്നു എന്ന ആരോപണം നിലനിൽക്കെ തദ്ദേശ സ്ഥാപനങ്ങളിലെ ക്രമക്കേടും ധൂർത്തും മൂടി വയ്ക്കാൻ വേണ്ടിയാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പിൻവലിച്ചതെന്ന ആക്ഷേപം പരിശോധിക്കുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ എം.എൽ.എ. ഫണ്ട് വിനിയോഗം

3004. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സർക്കാർ സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പുതിയ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ അനുമതിയാണോ ബന്ധപ്പെട്ട മാതൃവകുപ്പിന്റെ അനുമതിയാണോ ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>പെർഫോർമെൻസ് ഓഡിറ്റ് സംവിധാനം</u>

3005. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് വകുപ്പിലെ പെർഫോർമെൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

<u>ഗ്രാമപഞ്ചായത്തുകളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ച നടപടി</u>

3006. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ അധികമായി വാർഡുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡവും മാർഗ നിർദേശങ്ങളും വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് വാർഡുകൾ നിശ്ചയിച്ച് വിജ്ഞാപനം വന്ന ശേഷം അധിക വാർഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നോ രാഷ്ട്രീയ കക്ഷികളിൽ നിന്നോ പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജനസംഖ്യ ആനുപാതികമായി വാർഡുകളിൽ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നും സംവരണ വാർഡുകളുടെ എണ്ണം നിശ്ചയിക്കുന്നതിൽ അപാകത ഉണ്ടെന്നുമുള്ള പരാതികളിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ?

<u>**മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലെയും വാർഡ് പുനർ നിർണ്ണയം.**</u>

3007. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സംസ്ഥാനത്ത് പുതുതായി എത്ര മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ് രൂപീകരിച്ചത്;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വാർഡുകൾ നിർണ്ണയിച്ചത് 2011 ലെ സെൻസസ്സിന്റെ അടിസ്ഥാനത്തിലായിരുന്നോ;

(സി) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ പുനർനിർണ്ണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിൽ 2015-ൽ രൂപീകൃതമായ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഉൾക്കൊള്ളുമോ;

(ഡി) ഒരു സെൻസസ്സിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തിയ വാർഡുകൾ അടുത്ത സെൻസസ്സിന്റെ വിശദാംശം പുറത്ത് വരുന്നതിന് മുമ്പ് വീണ്ടും പുനർനിർണ്ണയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഒരേ പദ്ധതിക്കുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ ഏകീകരിക്കുവാനുള്ള നടപടി

3008. ശ്രീ.പി.ഉബൈദുള്ള
ഡോ.എം. കെ. മുനീർ
ശ്രീ.ടി. വി. ഇബ്രാഹിം
,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് പട്ടികജാതി വിഭാഗക്കാർക്ക് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളും വരുമാന പരിധിയും പട്ടികജാതി വികസന വകുപ്പിലെ പദ്ധതികളുമായി ഏകീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമസഭാ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടും അവർക്ക് ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കാതെ പോകുന്നത് ഒഴിവാക്കാൻ ഒരേ പദ്ധതിക്ക് രണ്ട് വകുപ്പിലുമുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പഠന മുറി, വിവാഹ ധനസഹായം, ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികളിലുള്ള അന്തരങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ദേശീയ നഗര ഉപജീവന ദൗത്യം

3009. ശ്രീ.കെ.എൻ.എ ഖാദർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി നഗരപ്രദേശങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യുവജനങ്ങൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനായി കുടുംബശ്രീ മുഖേന നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കിയവർ എത്രയെന്നും തൊഴിൽ ലഭിച്ചവർ എത്രയെന്നും അറിയിക്കുമോ?

വള്ളിക്കുന്നം കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവ. ഹയർ സെക്കന്ററി സ്കൂൾ

3010. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം കാമ്പിശേരി കരുണാകരൻ മെമ്മോറിയൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1.65 കോടിരൂപ എം.എൽ.എ. അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യവകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചുവെങ്കിലും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി നല്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട്</u>

3011. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പൊതുമരാമത്ത് റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ റോഡിന്റെ ഭരണാനുമതി തുകയിൽ പ്രൊവിഷൻ ഇല്ലാത്ത സാഹചര്യങ്ങളിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണമടക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകാനുമതി വാങ്ങേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് ഭരണസമിതി തീരുമാനപ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് തനത് ഫണ്ട് ചെലവഴിക്കാൻ വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കാമോ?

<u>റേഷൻ കാർഡ് ലഭിച്ച ലൈഫ് ഭവന പദ്ധതി അപേക്ഷകർ</u>

3012. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കാർഡ് ഇല്ലാത്ത കാരണത്താൽ ലൈഫ് ഭവന പദ്ധതിയിൽ നിന്ന് ഒഴിവായതും എന്നാൽ പിന്നീട് റേഷൻ കാർഡ് ലഭിച്ചതുമായ ആൾക്കാരെ ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ലൈഫ് മിഷൻ പദ്ധതിയിൽ പൂർത്തിയായ വീടുകൾ</u>

3013. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ വീട് നിർമ്മാണത്തിനായി എത്ര തുക വീതം ചെലവഴിച്ചു എന്ന വിവരം വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## ലൈഫ് പദ്ധതി

3014. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

,, ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, ടി.ജെ. വിനോദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ ഭൂ-ഭവനരഹിതരായി എത്ര പേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഫ്ലാറ്റുകൾക്ക് അർഹരായി എത്രപേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്; ഇതിനകം എത്ര ഏക്കർ സ്ഥലം കണ്ടെത്തി; വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിക്കായി വ്യക്തികളിൽ നിന്നും സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

## ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം

3015. ശ്രീ.കെ.സി.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി പുതിയതായി 2016 മെയ് മാസത്തിന് ശേഷം ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി; ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) പൂർത്തിയാകാതെ കിടന്ന എത്ര വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കി; ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ;

(സി) ഒരു വീട് നിർമ്മിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട വിഹിതം എത്രയാണെന്നും സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായം എത്രയാണെന്നും വെളിപ്പെടുത്തുമോ?

## ലൈഫ് മിഷൻ

3016. ശ്രീ.കെ.എൻ.എ ഖാദർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ മാനദണ്ഡപ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)യുടെ ഗുണഭോക്താക്കളെ വീണ്ടും ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റു പദ്ധതികളിലൊന്നും ഉൾപ്പെടുത്താത്ത എത്ര ഭവനങ്ങൾ ലൈഫ് മിഷൻ പദ്ധതിയിൽ നിന്നു മാത്രം 4 ലക്ഷം രൂപ അനുവദിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ലൈഫ് പദ്ധതി മുഖേന ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം</u>

3017. ശ്രീ.ആർ. രാമചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതർക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണ് എന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കൊല്ലം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്; ഇതിന്റെ പുരോഗതി വിശദീകരിക്കുമോ?

<u>ലൈഫ് പദ്ധതി പ്രവർത്തനങ്ങൾ</u>

3018. ശ്രീ.എ. എൻ. ഷംസീർ

,, എം. മുകേഷ്

,, കെ.ജെ. മാക്സി

,, ജോൺ ഫെർണാണ്ടസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത സംസ്ഥാനമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് പദ്ധതി എത്ര ഘട്ടങ്ങളിലായാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭവനരഹിതർക്ക് ഏറ്റവും പ്രയോജനപ്രദമായ ഈ പദ്ധതിയെക്കുറിച്ച് രാഷ്ട്രീയ ഗൂഢ ലക്ഷ്യത്തോടെ മാത്രം ഉയർത്തുന്ന ആരോപണങ്ങളെ പാടെ അവഗണിച്ച് കൂടുതൽ പേർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പാതിവഴിയിൽ നിർമ്മാണം നിലച്ചുപോയ വീടുകളുടെ പണി പൂർത്തിയാക്കാൻ ഈ പദ്ധതി പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ലൈഫ് മിഷനിൽ ഏറ്റവും കൂടുതൽ വീടുകൾ</u>

3019. ശ്രീ.ഒ. ആർ. കേളു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ച നഗരസഭകളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിക്കായി ഏറ്റവും കൂടുതൽ തുക ചെലവഴിച്ച നഗരസഭകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ ഭൂ-ഭവനരഹിതരുള്ള നഗരസഭ ഏതാണെന്ന് വ്യക്തമാക്കാമോ?

<u>ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം</u>

3020. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വീടില്ലാത്ത എല്ലാവർക്കും വീട് അനുവദിക്കുന്നതിന് നിലവിലത്തെ മാനദണ്ഡങ്ങൾ പ്രകാരം എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) റേഷൻ കാർഡില്ലാത്തവർക്ക് വീട് അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ലൈഫ് ഭവന പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ട എല്ലാവർക്കും വീട് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ലൈഫ് പദ്ധതിയിൽ ഉൾപെടാത്ത അർഹരായ കുടുംബങ്ങൾ</u>

3021. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ലൈഫ് പദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുള്ള ചില കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നിലവിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെ പോയിട്ടുള്ള കുടുംബങ്ങളെ കൂടി പദ്ധതിയുടെ അനുകൂല്യത്തിന് അർഹരാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

<u>കൊല്ലം ജില്ലയിൽ ലൈഫ് പദ്ധതി</u>

3022. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ സ്വന്തം ഭൂമിയും വീടും ഇല്ലാത്തവർക്കായി നിർമ്മിക്കുന്ന ഭവന സമുച്ചയത്തിനായി ഭൂമി കണ്ടെത്തുന്ന നടപടികൾ പൂർത്തീകരിച്ചോയെന്ന് അറിയിക്കാമോ;

(ബി) കൊല്ലം ജില്ലയിൽ എവിടെയല്ലാമാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ

നൽകുമോ;

(സി) കൊല്ലം ജില്ലയിൽ എത്ര ഭവനസമുച്ചയങ്ങൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ ലൈഫ് ഭവന പദ്ധതി</u>

3023. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവനപദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിവരം നൽകാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് പാലക്കാട് ജില്ലയിൽ നൽകിയതെന്ന് വിശദമാക്കാമോ; ആയതിന്റെയും കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് നൽകാമോ?

<u>വൈപ്പിൻ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി</u>

T 3024. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം നാളിതുവരെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്കാണ് സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും എത്ര ഭവനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) സ്വന്തമായി ഭൂമിയുള്ള എത്ര ഗുണഭോക്താക്കൾക്കാണ് ഇനിയും സഹായം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ ഭൂരഹിതരായ ഭവനരഹിതർക്ക് ഫ്ലാറ്റ്</u>

T 3025. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ ഭൂരഹിതരായ ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കുന്ന നടപടി കൈകൊണ്ടിട്ടുണ്ടോ;

(ബി) ചെമ്മനാട് പഞ്ചായത്തിലെ ചട്ടഞ്ചാലിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഈ സ്ഥലത്ത് എത്ര കുടുംബങ്ങൾക്കാണ് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നത്; ഇതിന് എത്ര തുക ചെലവ് വരും; ഇത് ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്; നിർമ്മാണ പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവന പദ്ധതി

T 3026. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളാണ് അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് ലൈഫ് ഭവന പദ്ധതി അനുവദിച്ചിട്ടുണ്ടെന്ന വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

3027. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം 2020 ഫെബ്രുവരി 29 വരെ മാനന്തവാടി മണ്ഡലത്തിൽ പണി പൂർത്തിയായ വീടുകളുടെ കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ പദ്ധതിയുടെ സഹായം ഇതിൽ എത്ര വീടുകൾക്ക് ലഭിച്ചുവെന്നും അത് എത്ര തുകയാണെന്നും വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തിയായ മാനന്തവാടി മണ്ഡലത്തിലെ വീടുകൾക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി നിർമ്മിച്ച് കൈമാറിയ വീടുകൾ

3028. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2011 മേയ് 1 മുതൽ 2016 മേയ് 1 വരെ വിവിധ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി വഴി സർക്കാർ നിർമ്മിച്ച് കൈമാറിയ വീടുകളുടെ എണ്ണം സ്ഥാപനങ്ങൾ തിരിച്ച് എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ നൽകിയ വിഹിതം വീടൊന്നിന് എത്രയെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 29.02.2020 വരെ തദ്ദേശ സ്ഥാപനങ്ങൾ വഴി നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇതിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ നൽകിയ വിഹിതം വീടൊന്നിന് എത്രയെന്ന് അറിയിക്കാമോ?

## കോഴിക്കോട് ജില്ലയിൽ ഭൂ-ഭവന രഹിതർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ

3029. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടും സ്ഥലവും ഇല്ലാത്തവർക്കായി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ഏതെങ്കിലും ഫ്ലാറ്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകൾക്ക് എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കുന്നത് എന്നറിയിക്കാമോ?

<u>പുരുഷഗണങ്ങൾക്ക് എസ്.ജി.എസ്.വൈ. സ്കീം രജിസ്ട്രേഷൻ</u>

3030. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.എസ്.വൈ. സ്കീമിനുകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന പുരുഷഗണങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനും പുതുതായി രജിസ്ട്രേഷൻ നടത്തുന്നതിനും കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുരുഷഗണങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനും പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും അവർക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ചാലക്കുടി ആയുർവ്വേദ ചികിത്സാകേന്ദ്രത്തിന് സ്ഥലം</u>

3031. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷിന് കീഴിലുള്ള ആയുർവ്വേദ ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനായി ചാലക്കുടി നഗരസഭ അറുപത് സെന്റ് സ്ഥലം നൽകുന്നതിന്, വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>തിരുവനന്തപുരം നഗരം ആട്ടോ സൗഹൃദ നഗരം</u>

3032. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തെ ആട്ടോ സൗഹൃദ നഗരമാക്കുന്ന പദ്ധതി നഗരസഭ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നഗരത്തിലെ മുഴുവൻ ആട്ടോ ഡ്രൈവർമാർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനും മികച്ച സേവനം നൽകുന്ന ഡ്രൈവർമാർക്ക് അവാർഡ് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ആട്ടോ ഡ്രൈവർമാരുടെ സേവനം എപ്രകാരം വിലയിരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉറങ്ങാനഗരങ്ങൾ പദ്ധതി

3033. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ഉറങ്ങാനഗരങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പദ്ധതി എന്ന് പ്രവർത്തനമാരംഭിക്കുമെന്നും ഏതൊക്കെ നഗരങ്ങളെയാണ് ഇതിനായി തെരഞ്ഞെടുക്കുകയെന്നും എന്തൊക്കെ മുന്നൊരുക്കങ്ങളും സജ്ജീകരണങ്ങളുമാണ് അവിടങ്ങളിൽ ഇതിനായി തയ്യാറാക്കുകയെന്നും വ്യക്തമാക്കുമോ;

(സി) പാട്ടും ഡാൻസുമൊക്കെയായി എന്നും ഉത്സവപ്രതീതി ആഗ്രഹിക്കുന്ന യുവതലമുറയ്ക്ക് ആസ്വാദനമൊരുക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നും പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്ന പ്രധാന നേട്ടങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ തസ്തികകൾ

3034. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം; ഈ തസ്തികകളിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) കൽപ്പറ്റ ബ്ലോക്കിനു കീഴിൽ 9 പഞ്ചായത്തുകൾ ഉണ്ടായതിനാൽ ജോലി ഭാരം കൂടുതലാണെന്നും അനുവദിക്കപ്പെട്ട തസ്തികകൾ അപര്യാപ്തമാണെന്നുമുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കൂടുതൽ പഞ്ചായത്തുകളുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പഞ്ചായത്തുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ആസ്തി-ബാധ്യതകൾ സൂക്ഷിക്കാനുമുള്ള ചുമതല

3035. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ആസ്തി-ബാധ്യതകൾ സൂക്ഷിക്കാനും പഞ്ചായത്തുകളിലെ സീനിയർ ഉദ്യോഗസ്ഥന് ചുമതല നൽകി ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയത് എന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കുടുംബശ്രീ കേരള ചിക്കൻ യൂണിറ്റുകൾ

3036. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ വഴിയുള്ള കേരള ചിക്കൻ യൂണിറ്റുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും ഇതിലൂടെ എത്രപേരെയാണ് സംരംഭകരാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർ

3037. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ വിവിധ ക്ഷേമപെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം നഗരസഭ, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി

3038. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കൊട്ടാരക്കരയിലെ ശുചിത്വമിഷൻ പ്രവൃത്തികൾ

3039. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡല പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ശുചിത്വമിഷൻ പ്രാവർത്തികമാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങളും ആയതിന് വകയിരുത്തിയ തുകയും പദ്ധതിയുടെ പുരോഗതിയും തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ?

## ഖരമാലിന്യ സംസ്കരണത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ

3040. ശ്രീ.അബ്ദുൽ ഹമീദ് പി.
,, എം.ഉമ്മർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ്
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>സിംഗിൾ യൂസ് പ്ലാസ്റ്റിക് വസ്തുക്കളുടെ സമ്പൂർണ്ണ നിരോധനം</u>

3041. ശ്രീ.എസ്.ശർമ്മ

,, വി. കെ. സി. മമ്മത് കോയ

,, കെ. ആൻസലൻ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റ തവണ മാത്രം ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ സമ്പൂർണ്ണ നിരോധനം ഫലപ്രദമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതിക്ക് ഏറെ ദോഷകരമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പുനരുപയോഗം സാധ്യമായ വസ്തുക്കൾ സംബന്ധിച്ചും ജനങ്ങൾക്ക് ശരിയായ രീതിയിലുള്ള അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് നിരോധനം മൂലം ചെറുകിട കച്ചവടക്കാർക്ക് താൽക്കാലികമായി മാത്രം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി തുണി, പേപ്പർ തുടങ്ങിയവ കൊണ്ടുണ്ടാക്കിയ ബാഗുകൾ മാർക്കറ്റിൽ സുലഭമായി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>സംസ്ഥാനത്തെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിനുള്ള പദ്ധതികൾ</u>

3042. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ജൈവ മാലിന്യങ്ങളുടെ സംഭരണത്തിലൂടെ കാർഷിക രംഗത്ത് വിപ്ലവം സൃഷ്ടിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) അജൈവ മാലിന്യങ്ങൾ വേർതിരിച്ച് വിൽപ്പന നടത്തുന്നതിലൂടെ സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുവാൻ സാധിക്കുമോ;

വ്യക്തമാക്കാമോ?

<u>പ്ലാസ്റ്റിക് നിരോധനം</u>

3043. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കാണ് നിരോധനം ബാധകമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

(സി) നിരോധനം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കി തുടങ്ങിയിട്ടുണ്ടോ; ഇതിനകം എന്ത് പിഴ ഈടാക്കി; വെളിപ്പെടുത്താമോ;

(ഡി) ആശുപത്രികളിൽ ഇപ്പോൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവർ ബാഗുകൾക്ക് പകരം കംബോസ്റ്റബിൾ ബാഗ് നിർബന്ധമാക്കിയിട്ടുണ്ടോ?

<u>അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ബോർഡുകളുടെയും ഹോർഡിങ്ങുകളുടെയും നിരോധനം</u>

3044. ശ്രീ.പി.കെ.ബഷീർ

**,,** വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റോഡുകളിലും മറ്റും സ്ഥാപിച്ചിരിക്കുന്ന അനധികൃത ബോർഡുകളും ഹോർഡിംഗുകളും അടിയന്തരമായി മാറ്റണമെന്ന ഹൈക്കോടതി നിർദ്ദേശ പ്രകാരം സംസ്ഥാനത്തുടനീളം വാഹന യാത്രക്കിടയിൽ ഡ്രൈവർമാരുടെ കാഴ്ച മറയ്ക്കുന്ന തരത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ബോർഡുകളും ഹോർഡിങ്ങുകളും മാറ്റുന്നതിനും ആയത് സ്ഥാപിച്ചവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഒറ്റപ്പാലം മണ്ഡലത്തിൽ നീന്തൽകുളങ്ങൾ</u>

3045. ശ്രീ.പി. ഉണ്ണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീന്തൽകുളങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ;

(ബി) എന്നാണ് ലഭിച്ചത്; അതിൻമേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>തിരുവനന്തപുരം ജില്ലയിൽ ജലസുഭിക്ഷ പദ്ധതി</u>

3046. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജലസുഭിക്ഷ പദ്ധതി തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ജലസുഭിക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല

3047. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല ആരംഭിക്കുന്നതിന് സർക്കാർ നൽകിയ അനുമതിയുടെ ഭാഗമായി എന്തെല്ലാം തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് മൂർക്കനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ചിറനെല്ലൂർ സെന്റ് ആന്റണീസ് ചർച്ചിന് വാൾട്ട് ടൈപ്പ് ശ്മശാനം

3048. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചൂണ്ടൽ പഞ്ചായത്തിൽ ചിറനെല്ലൂർ സെന്റ് ആന്റണീസ് ചർച്ചിന് വാൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ പരിഗണനയിലുള്ള ഡി.ബി.3/411/2016 നമ്പർ ഫയൽ തീർപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചർച്ചിന്റെ കീഴിലുള്ളവരുടെ മരണാനന്തര കർമ്മങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഗ്രാമീണ റോഡുകളുടെ നവീകരണം

3049. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഇതിനായി റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ നിന്നും എന്ത് തുക അനുവദിച്ചു; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്രദേശത്തെ പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വരുന്ന മഴക്കാലത്തിനുമുമ്പ് പ്രസ്തുത റോഡുകളുടെ പണി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുമോ?

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

3050. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടപ്പറമ്പ് കോളനി നിവാസികളുടെ അപേക്ഷ

3051. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ പട്ടപ്പറമ്പ് പട്ടികജാതി കോളനി നിവാസികൾ നൽകിയ കത്തും എം.എൽ.എ. നൽകിയ കവറിംഗ് ലെറ്ററും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ക്ക് ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത്;

(ബി) ഈ വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം) സ്വീകരിച്ച നടപടികൾ അറിയിക്കുമോ; സർക്കാരിനെ വിഷയം അറിയിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ഉൾപ്പെടെ അറിയിക്കുമോ;

(സി) ഗതാഗത സൗകര്യം ഉണ്ടാക്കണമെന്ന കോളനി നിവാസികളുടെ അപേക്ഷ അടിയന്തരമായി പരിഗണിച്ച് ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

പൂവം - നക്രാപുതുവൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ

3052. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) യിൽപെടുത്തി 2014 അനുമതി ലഭിച്ച് പണി ആരംഭിച്ച പായിപ്പാട് പഞ്ചായത്തിലെ പൂവം - നക്രാപുതുവൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡിന്റെ എത്ര ശതമാനം പണി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞു; ബാക്കി എന്തൊക്കെ പണികളാണ് തീർക്കാനുള്ളത്;

(സി) പണി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടത് എന്ത് കാരണങ്ങളാലാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; ഈ റോഡ് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡുകൾ

3053. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം കേരളത്തിന് 2016 ഏപ്രിൽ 1-ന് ശേഷം എത്ര കിലോമീറ്റർ റോഡ് അനുവദിച്ചുവെന്നും ഇതിന് എത്ര രൂപ അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡുകളുടെ പ്രവൃത്തി പൂർത്തിയായെന്ന് അറിയിക്കുമോ;

(സി) 2020-21 വർഷം പി.എം.ജി.എസ്.വൈ. പ്രകാരം എത്ര കിലോമീറ്റർ റോഡുകൾ കേരളത്തിന് അനുവദിക്കുമെന്ന് അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

3054. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) മണ്ഡലത്തിൽ മുൻപ് ഭരണാനുമതി ലഭിച്ച ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കുവാൻ ഉണ്ടോ; വിശദാംശം നൽകുമോ?

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

3055. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം പാലക്കാട് ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ റോഡിനും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ദേശീയ നഗര ഉപജീവന മിഷൻ

3056. ശ്രീ.ജെയിംസ് മാത്യു

,, പി. ഉണ്ണി

,, കെ. ദാസൻ

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽരഹിതരായ യുവതീ യുവാക്കൾ തുടങ്ങിയവർക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നഗര പ്രദേശങ്ങളിലെ ദരിദ്ര വിഭാഗങ്ങളുടെ ജീവനോപാധികൾ വികസിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ നഗര ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>പ്രോപ്പർട്ടി ടാക്സ് പരിഷ്കരിക്കുവാൻ നടപടി</u>

3057. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന പ്രോപ്പർട്ടി ടാക്സ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഏത് സാമ്പത്തിക വർഷം മുതലാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രോപ്പർട്ടി ടാകസ് വർദ്ധിപ്പിക്കുകയാണെങ്കിൽ ആയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) കെട്ടിടങ്ങളുടെ കാലപ്പഴക്കം നിശ്ചയിച്ച് പ്രോപ്പർട്ടി ടാക്സ് കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>വസ്തു നികുതി ഒഴിവാക്കുന്നതിനായി നൽകിയ അപേക്ഷ</u>

3058. ശ്രീ.ആന്റണി ജോൺ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കേന്ദ്രമാക്കി 387/IV/EKM/SRO/1996 നമ്പറായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സംസ്കാര എന്ന സംഘടന സംസ്കാര ട്രസ്റ്റിന്റെ വസ്തു നികുതി ഒഴിവാക്കുന്നതിനായി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് RC2/36/19 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) സംഘടന നൽകിയിട്ടുള്ള അപേക്ഷയിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>കെട്ടിട നിർമ്മാണ - റിയൽ എസ്റ്റേറ്റ് മേഖലകൾക്ക് പരിപോഷണം</u>

T 3059. ശ്രീ.പി.ഉബൈദുള്ള

,, കെ.എൻ.എ ഖാദർ

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.അബ്ദുൽ ഹമീദ് പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക മാന്ദ്യത്താൽ നിർജ്ജീവമായിട്ടുള്ള കെട്ടിട നിർമ്മാണം, റിയൽ എസ്റ്റേറ്റ് എന്നീ മേഖലകളെ പരിപോഷിപ്പിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ബഡ്ജറ്റിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിർമ്മാണ സാധന സാമഗ്രികളുടെ വില കുറയ്ക്കുന്നതിനും ഭൂമിയുടെ താരിഫ് വില ഉൾപ്പെടെ വർദ്ധിപ്പിച്ച എല്ലാ നിരക്കുകളും കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ്

3060. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ?

## കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

3061. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) അതോറിറ്റിയിൽ എത്ര അംഗങ്ങളാണ് നിലവിലുള്ളത്; ആരെല്ലാമാണവർ; അവരുടെ യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(സി) അതോറിറ്റി അംഗങ്ങളുടെ നിയമനം കേന്ദ്ര മാനദണ്ഡം അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ?

## അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ നടപടി

3062. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളോടുചേർന്ന് ഒരേകോമ്പൗണ്ടിൽ വിവിധ തരം ചെറിയ മുറികളും, അടുക്കളകളും, ഔട്ട്ഹൗസുകളും മറ്റും നിർമ്മാണ പെർമ്മിറ്റ് ഇല്ലാതെ അറിഞ്ഞോ അറിയാതെയോ നിർമ്മിച്ചിരിക്കുന്നത്, ന്യായമായ ഫീസ് ചുമത്തി ക്രമവൽക്കരിച്ചുകൊടുക്കാൻ നിലവിൽ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം കെട്ടിടനിർമ്മാണം ക്രമവൽകരിക്കുന്നതിനായി മുൻപുണ്ടായിരുന്ന ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; ഈ ഉത്തരവ് ആറ് മാസത്തേക്ക് കൂടി നീട്ടി നൽകിയാൽ സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ അനുകൂല നടപടി

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇങ്ങനെയുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇങ്ങനെയുള്ള കെട്ടിടങ്ങള് മറ്റും അദാലത്തിലൂടെ ക്രമവൽക്കരിച്ചുകൊടുക്കാൻ കോർപ്പറേഷൻ മേയർമാർക്കും മുനിസിപ്പൽ ചെയർമാൻമാർക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും എന്തെങ്കിലും തരത്തിലുള്ള അധികാരം നിലവിലുണ്ടോ; വിശദമാക്കുമോ; ആയതിന്റെ ഉത്തരവ് ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ മേൽപറഞ്ഞവർക്ക് ഈ കാര്യത്തിൽ അധികാരം നൽകുമോ;

(ഇ) പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ ഫീസ് ചുമത്തുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ; കെട്ടിട വിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള ഫീസ് പട്ടിക നിലവിലുണ്ടോ; ലഭ്യമാക്കുമോ?

<u>കോതമംഗലം മണ്ഡലത്തിലെ ആസ്തി-പ്രത്യേക വികസന ഫണ്ടുകൾ</u>

3063. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17, 17-18, 18-19 വർഷങ്ങളിൽ എം.എൽ.എ. ആസ്തി വികസനഫണ്ടും പ്രത്യേക വികസനഫണ്ടും ഉപയോഗിച്ച് തദ്ദേശ സ്വയംഭരണവകുപ്പ് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകാനുണ്ട്;

(സി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഇനിയും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുവാനുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ആസ്തി-പ്രത്യേക വികസന പദ്ധതികൾ</u>

3064. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിലും പ്രത്യേക വികസന നിധിയിലും ഉൾപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2016-17 മുതൽ ഓരോ വർഷത്തെയും പ്രസ്തുത പ്രവൃത്തികളുടെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ എഞ്ചിനീയറിംഗ് സ്റ്റാഫ് ഒഴിവുകൾ

3065. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് ഓഫീസുകളിലും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി എത്ര എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ ഒഴിവുകൾ ഉണ്ടെന്നും ഇവ സ്ഥിരമായി നികത്താൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

## മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പുനർവിന്യാസം

3066. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഓരോ വകുപ്പിൽ നിന്നും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പുനർവിന്യാസ ഉത്തരവുപ്രകാരം ഓരോ വകുപ്പിലെയും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചുമതല ഏറ്റെടുത്തുവെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ വകുപ്പിൽ നിന്നും ഇനിയും എത്രപേരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കേണ്ടതുണ്ട്; വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പുനർവിന്യാസം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ?

## ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

3067. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത് ഏതാണെന്ന് വ്യക്തമാക്കാമോ; ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ എത്രയാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കുറവ് ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത് ഏതാണെന്നും ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ജനസംഖ്യ കൂടിയ ഗ്രാമപഞ്ചായത്തിലും, കുറഞ്ഞ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തിലും ഒരേ സ്റ്റാഫ് പാറ്റേൺ ആണോ നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) ജനസംഖ്യ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പുതുതായി സൃഷ്ടിച്ച തസ്തികകളും പി.എസ്.സി. നിയമനങ്ങളും

3068. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ദിവസവേതന ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി

3069. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ഡ്രൈവർമാരാണ് 20 വർഷം പൂർത്തീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ 20 വർഷം പൂർത്തീകരിച്ച ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർമാരാണ് 20 വർഷം പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ ?

പഞ്ചായത്ത് വകുപ്പിലെ പ്രമോഷൻ

3070. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ നേരിട്ട് സെക്രട്ടറിയായി നിയമനം ലഭിച്ചവർക്ക് അർഹമായ പ്രമോഷൻ നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ ലഭിക്കാൻ അർഹരായവരുടെ സീനിയോറിറ്റി ലിസ്റ്റ് പഞ്ചായത്ത് വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ വിധി പ്രകാരം അസിസ്റ്റൻറ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജോയിൻറ് ഡയറക്ടർ എന്നീ തസ്തികകളിൽ പ്രമോഷൻ ലഭിക്കാൻ അർഹതയുള്ള റിട്ടയർ ചെയ്തവരുടെയും അല്ലാത്തവരുടെയും എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷയിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കോടതി വിധി പുറപ്പെടുവിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അർഹമായ പ്രമോഷൻ നൽകാതെ കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) എങ്കിൽ തടസ്സങ്ങൾ നീക്കി മേൽ കോടതി വിധി പ്രകാരം അർഹരായ ഉദ്യോഗാർത്ഥികൾക്ക് എന്ന് പ്രമോഷൻ നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമന നിരോധനം

3071. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; തസ്തിക വെട്ടിക്കുറയ്ക്കുന്നതിനുള്ള എന്തെങ്കിലും നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ;

(ബി) വകുപ്പിലെ ഏതെങ്കിലും തസ്തികകളുടെ ആവശ്യകത പരിശോധിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കമ്മിറ്റി രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഫയലിന്റെ പകർപ്പ് നൽകാമോ;

(ഡി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പകർപ്പ് നൽകാമോ;

(ഇ) പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

<u>സ്ലൂയിസും കൾവർട്ടും പണിയുന്നതിന് നേരിടുന്ന കാലതാമസം</u>

3072. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി വില്ലേജിൽ കൊച്ചിൻ കോർപ്പറേഷന് കീഴിലെ 15, 16 ഡിവിഷനുകളിലെ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കായൽ വെള്ളം കയറുന്നത് തടയാൻ സ്ലൂയിസും കൾവർട്ടും പണിയുന്നതിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്ന് അനുവദിച്ച പത്തൊൻപത് ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കൊടുവള്ളി നഗരസഭയിലെ മുൻ ഗുണഭോക്തൃ സമിതി കൺവീനർക്കെതിരെയുള്ള റിക്കവറി നടപടികൾ</u>

3073. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നഗരസഭയിലെ ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന വ്യക്തിക്കെതിരായ റിക്കവറി നടപടികൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച 223/FM3/2019-LSGD ഫയലിന്മേൽ കൊടുവള്ളി നഗരസഭയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>നെയ്യാറ്റിൻകര നഗരസഭയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

3074. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിൽ എം.എൽ.എ.-എസ്.ഡി.എഫ്., എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചതും ടെക്നിക്കൽ അനുമതി കൊടുക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിൽ തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

## പൊളിച്ചുനീക്കേണ്ട കെട്ടിടങ്ങളുടെ വാല്യുവേഷൻ നടപടികൾ

3075. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് പതിനേഴോളം അൺഫിറ്റായ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിനായി വാല്യുവേഷൻ ചെയ്യുന്നതിന് ആശുപത്രി സൂപ്രണ്ട് 2019 ഒക്ടോബറിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടും നാളിതുവരെ നടപടികൾ സ്വീകരിക്കുകയോ വാല്യുവേഷൻ ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് കിഫ്ബിയും ആരോഗ്യവകുപ്പ് ടെക്നിക്കൽ കമ്മിറ്റിയും അനുമതി നല്കിയിട്ടും എൽ.എസ്.ജി.ഡി. വാല്യുവേഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വാല്യുവേഷൻ ചെയ്യേണ്ട കെട്ടിടങ്ങൾ വാല്യുവേഷൻ ചെയ്ത് അടിയന്തരമായി കെട്ടിടങ്ങൾ പൊളിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ

3076. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.05.2019-ലെ 1105/2019,12.12.2019-ലെ 9823/2019 എന്നീ ഉത്തരവുകൾ പ്രകാരം പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ നൽകിയിരുന്നോ;

(ബി) പ്രസ്തുത മാർഗ്ഗ രേഖ അനുസരിച്ചുള്ള പദ്ധതികളല്ല വെളിയനാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയതെന്നും തുകയുടെ നീതി പൂർവ്വകമായ വിതരണം നടത്തിയില്ലായെന്നും ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(സി) മുൻഗണനാ ക്രമവും അർഹതാ മാനദണ്ഡവും പാലിക്കാതെ നടത്തുവാൻ പോകുന്ന അറ്റകുറ്റപണികളും പൊതു ആസ്തികളുടെ പുനർനിർമ്മാണവും പ്രളയത്തിൽ തകർന്നവ അല്ലാത്തതിനാൽ ഇക്കാര്യത്തിൽ ഇടപെട്ട് നീതിപൂർവ്വകമായ വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വളാഞ്ചേരി സബ്ട്രഷറി നിർമ്മാണത്തിനായുള്ള സ്ഥലം

3077. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി സബ്ട്രഷറി നിർമ്മാണത്തിന് വേണ്ടി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിന്നും സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് മലപ്പുറം അസിസ്റ്റന്റ് കമ്മീഷണർ (ഗ്രാമവികസനം) ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി

3078. ശ്രീ.കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട A3 7995/17 dtd 17/4/18 എന്ന ഫയലിൽ പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം നടപടികൾ; എന്നാണ് സ്വീകരിച്ചത്;

(ബി) പ്രസ്തുത ഫയലിലെ അപേക്ഷ പ്രകാരം നിർമ്മാണം പുഴക്കരയിലായതിനാൽ വിപുലീകരണം നിയമപ്രകാരം സാധ്യമാണോ; എങ്കിൽ എപ്രകാരം; ഇല്ലെങ്കിൽ പ്രസ്തുത ഫയൽ 2018 സെപ്റ്റംബർ മാസം കേരള തിരദേശ പരിപാലന അതോറിറ്റി പരിഗണിച്ച് കെട്ടിട വിപുലീകരണ അനുമതി നിരസിച്ചതായി അറിയിപ്പ് നൽകിയിരുന്നോ;

(സി) പ്രസ്തുത ഫയൽ നിരസിച്ചത് കണക്കിലെടുത്ത് അപേക്ഷകൻ കെട്ടിടം ഇടിച്ച് നിരത്തിയശേഷം പഴയകെട്ടിടം നിന്ന സ്ഥലത്ത് പുതുക്കിപ്പണി നടത്താമെന്ന് കാണിച്ച് 2668 dtd 24/12/2019 എന്ന ഫയൽ നമ്പറിൽ പഞ്ചായത്തിൽ പുനരപേക്ഷ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ പഞ്ചായത്തിലെ ഏതൊക്കെ അധികാരികൾ അന്വേഷണ റിപ്പോർട്ട് നൽകി;

(ഡി) എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പരിശോധിക്കേണ്ട പ്രസ്തുത പഞ്ചായത്തിലെ ഉന്നത ഉദ്യോഗസ്ഥർ ആരൊക്കെ; ബന്ധപ്പെട്ടവർ കർത്തവ്യം നിറവേറ്റിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ കേരള തിരദേശ പരിപാലന അതോറിറ്റിയ്ക്ക് നൽകിയ റിപ്പോർട്ട് പുന:പരിശോധിക്കുമോ;

(ഇ) മരടിലെ സാഹചര്യം വിസ്മരിച്ച് പരിസ്ഥിതി പ്രശ്നങ്ങൾ ഗുരുതരമാക്കുന്ന പ്രസ്തുത കെട്ടിടനിർമ്മാണ അനുമതി നൽകിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ഗൗരവമായി പുന:പരിശോധിക്കാൻ സത്വരം തയ്യാറാകുമോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

## വെങ്ങാനൂർ പഞ്ചായത്തിലെ അനധികൃത പന്നിഫാമുകൾ

3079. ശ്രീ.എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ മാവുവിള, ഓഫീസ് വാർഡ് എന്നിവിടങ്ങളിലെ അനധികൃത പന്നിഫാമുകൾക്കെതിരെ 3/2/2020ൽ പഞ്ചായത്ത് സെക്രട്ടറിക്ക് പ്രദേശവാസികൾ നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫാമുകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വളരെ മുമ്പുതന്നെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയിട്ടും പ്രസ്തുത ഫാമുകൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ എന്ത് മേൽനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>എഞ്ചിനിയറിംഗ് വിങ്ങിൽ ഷൊർണ്ണൂർ മണ്ഡലത്തിലുള്ള ഒഴിവുകൾ</u>

3080. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിങ്ങിന് കീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിലുള്ള ഒഴിവുകളുടെ തസ്തിക, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>മട്ടാഞ്ചേരി മരക്കടവിലെ അറവുശാല</u>

3081. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 06.02.2007 മുതൽ അടച്ചിട്ടിരിക്കുന്നതും 24.11.2017ൽ ശുചിത്വ മിഷനിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും സോയിൽ ടെസ്റ്റ് കഴിഞ്ഞിട്ടുള്ളതും 2018-19 ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 2 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമായ മട്ടാഞ്ചേരി മരക്കടവിലെ അറവുശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ട് എന്നത്തേയ്ക്ക് തയ്യാറാക്കി സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഈ പദ്ധതിയുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഭവന നിർമ്മാണ പദ്ധതികൾ</u>

3082. **പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ലൈഫ്, പി.എം.എ.വൈ. എന്നീ പദ്ധതികൾ പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന വിവരം തദ്ദേശസ്ഥാപനം തിരിച്ച് നൽകാമോ?

<u>എളങ്കുന്നപ്പുഴ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം</u>

3083. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ സർക്കാർ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിയോജകമണ്ഡല ആസ്തി വികസന സ്കീമിൽ നിന്നും പണം അനുവദിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ജിഡ ഫണ്ട് വിനിയോഗിച്ച് റോഡ് നിർമ്മാണം

T 3084. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന പിഴല സീറോ ലാന്റിങ്ങിന് അനുബന്ധമായ റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര ഭൂവുടമകളിൽ നിന്നായി എത്രത്തോളം ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിനായി ഏത് ഏജൻസിയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പകൽ വീടുകളുടെ പ്രവർത്തനം

T 3085. ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റപ്പെടൽ അനുഭവിക്കുന്ന വൃദ്ധജനങ്ങളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് ആരംഭിച്ച പകൽ വീടുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി പകൽ വീടുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ആരംഭിച്ചവയുടെ വിശദാംശം നൽകുമോ;

(സി) പകൽ വീടുകളിൽ ഡോക്ടർമാരുടെയും, നഴ്സുമാരുടെയും സേവനം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

തദ്ദേശ സ്വയംഭരണ വാർഡ് നിർണയം സംബന്ധിച്ച പരാതികൾ

3086. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വാർഡ് നിർണയം സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഡ് പുനർനിർണയം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സിവിൽ സർവ്വീസ്</u>

3087. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതു സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായുള്ള കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കരട് വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്തുമോ; അറിയിക്കാമോ;

(സി) പൊതുസർവ്വീസ് സംബന്ധിച്ച് ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊതു സർവ്വീസ് എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക രീതിയിലുള്ള ശ്മശാനം.</u>

3088. ശ്രീ.മോൻസ് ജോസഫ്
,, പി.ജെ.ജോസഫ്
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും സ്ഥല സൗകര്യത്തിന്റെ കുറവ് മുന്നിൽ കണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും മതിയായ ഫണ്ട് ശ്മശാനങ്ങളുടെ നവീകരണത്തിന് വകയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ;

(സി) വൈദ്യുതി ശ്മശാനങ്ങളെയും ഗ്യാസ് ചേമ്പറുകൾ ഉപയോഗിച്ചുള്ള ശ്മശാനങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഏകീകൃത പൊതുസർവ്വീസ് രൂപീകരണം</u>

3089. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി വകുപ്പ് തലവന്മാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വകുപ്പ് തലവന്മാരും സർവ്വീസ് സംഘടനാ പ്രതിനിധികളും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>നാദാപുരം മണ്ഡലത്തിലെ പാക്വായി പാലത്തിന്റെ നിർമ്മാണം</u>

3090. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഒലിച്ചുപോയ പാക്വായി പാലം നിർമ്മാണത്തിന്റെ സാങ്കേതിക അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമൊ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) റീ ബിൽഡ് കേരളയിൽ ഇത് സംബന്ധിച്ച ഫയൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

<u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്</u>

3091. **ശ്രീ.പി.ടി. തോമസ്**
**ശ്രീമതിഷാനിമോൾ ഉസ്മാൻ**
**ശ്രീ.അനൂപ് ജേക്കബ്**
**,, വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; സംവരണ വാർഡുകളുടെ എണ്ണവും ഇതിനോട് അനുബന്ധിച്ച് വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വാർഡുകളുടെ എണ്ണത്തിൽ വന്ന മാറ്റം മൂലം എന്ത് അധിക ചെലവ് ഒരു വർഷം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(സി) സെൻസസ് നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ വാർഡുകളുടെ എണ്ണം കൂട്ടിയതും അതിന്റെ പരിധിയിൽ മാറ്റം വരുത്തിയതും സെൻസസ് നിയമത്തിന്റെയും അതിലെ ചട്ടങ്ങളുടെയും ലംഘനമാകില്ലേയെന്ന് വ്യക്തമാക്കാമോ?

<u>ഫണ്ടുകളുടെ അപര്യാപ്തത</u>

3092. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടും വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഫണ്ടുകൾ അപര്യാപ്തമാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ

3093. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനമായ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പി.എ.യു നിർത്തലാക്കുകയാണെങ്കിൽ, പി.എ.യു വിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പുനർവിന്യസിക്കാൻ അധികം തസ്തികകൾ പഞ്ചായത്തുകളിൽ അനുവദിച്ചു നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും നടത്തിയ പഞ്ചായത്ത് ദിനാഘോഷങ്ങൾക്ക് എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പഞ്ചായത്തുകളിൽ നിന്നും പിരിച്ച തുകയിൽ ബാക്കി വന്ന തുക എന്താവശ്യത്തിന് വിനിയോഗിച്ചുവെന്ന് വിശദാംശം നൽകാമോ;

(സി) ഈയിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷവും പിരിച്ചെടുത്ത ആകെ തുകയുടെ വിശദാംശങ്ങൾ നൽകാമോ?

പെരിന്തൽമണ്ണ താഴേക്കോട് ഐ.ടി.ഐ.യ്ക്ക് സ്ഥലം

3094. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കൾക്ക് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് ഐ.ടി.ഐ-യുടെ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) സ്ഥലം അനുവദിക്കുന്നതിനുള്ള ശിപാർശ പഞ്ചായത്ത് വകുപ്പിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ശിപാർശയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നാളിതുവരെയായിട്ടും സ്ഥലം അനുവദിയ്ക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി സ്ഥലം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ എന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം

3095. ശ്രീ.ടി. വി. ഇബ്രാഹിം

,, എൻ. ഷംസുദ്ദീൻ

,, മഞ്ഞളാംകുഴി അലി

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് രൂപീകരിച്ച പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർത്തൽ ചെയ്യുന്നത് അഴിമതി വർദ്ധിപ്പിക്കുന്നതിനും പ്രവൃത്തികളുടെ കാര്യക്ഷമത കുറയ്ക്കുന്നതിനും കാരണമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തൽ ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) മിക്ക ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ പശ്ചാത്തലത്തിൽ കൃത്യമായ മോണിറ്ററിംഗിന് പെർഫോമൻസ് ഓഡിറ്റിന് പകരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ?

<u>തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം</u>

3096. ശ്രീ.മുല്ലക്കര രത്നാകരൻ

,, ആർ. രാമചന്ദ്രൻ

,, എൽദോ എബ്രഹാം

ശ്രീമതി സി.കെ. ആശ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത വിഭാഗം നടത്തിയ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെയും റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

<u>നടപ്പാതകൾ കയ്യേറിയത് മൂലം കാൽനടയാത്രക്കാർ അനുഭവിക്കുന്ന ദുരിതം</u>

3097. ശ്രീ.എൻ. ഷംസുദ്ദീൻ

,, ടി. വി. ഇബ്രാഹിം

,, മഞ്ഞളാംകുഴി അലി

,, സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത നടപ്പാതയില്ലാത്തതും നിലവിലുള്ള നടപ്പാതകൾ അധികൃതരുടെ ഒത്താശയിൽ പലരും കൈയടക്കിയതും മൂലം കാൽനടക്കാർ അനുഭവിക്കുന്ന ദുരിതവും തിരക്കേറിയ പാതകളിൽ അവർ നേരിടുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ ഹൈക്കോടതിയിൽ നിന്നും വിധിയെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ

വിശദവിവരം വെളിപ്പെടുത്തുമോ;

(സി) റോഡപകടങ്ങൾ മൂലമുള്ള മരണങ്ങളിൽ കാൽനടക്കാരുടെ എണ്ണം വർദ്ധിച്ച് വരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലനകാലം</u>

3098. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലനകാലം സർവ്വീസായി പിരിഗണിച്ച് ആനുകൂല്യം നൽകിയത് തിരിച്ച് പിടിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ(എ.ജി.) നിർദ്ദേശം നൽകിയിരുന്നോ; ഇനി ആരുടെയെങ്കിലും തുക തിരിച്ച് പിടിക്കാനുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രീ-സർവ്വീസ് പരിശീലനകാലം പൂർത്തീകരിച്ച് വകുപ്പിൽ ജോലിചെയ്യുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് പോലീസ് വകുപ്പിലെ പ്രീ-സർവ്വീസ് പൂർത്തീകരിച്ച ജീവനക്കാർക്ക് നൽകിയതുപോലെയുള്ള ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഗ്രാമവികസന വകുപ്പിലെ ലക്ചറർ തസ്തിക</u>

3099. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ ജോലി സ്വഭാവത്തിൽ എന്തെല്ലാം വ്യത്യാസങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേഡ് II ഇല്ലാതെ ഗ്രേഡ് I മാത്രമുള്ള ലക്ചറർ തസ്തികകൾ ഏതൊക്കെയാണ്; ഇവർക്ക് ഗ്രേഡ് II അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ലക്ചറർ തസ്തികയിൽ സ്പെഷ്യൽ റൂൾ അപാകത പരിഹരിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ലക്ചറർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകൾ മുൻകാല പ്രാബല്യത്തോടെ ഏകീകരിച്ച് ഉത്തരവുണ്ടാകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഗ്രാമവികസന വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾ</u>

3100. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഗസറ്റഡ് വിഭാഗത്തിലും ബിരുദാനന്തരബിരുദം യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകൾ നോൺ ഗസറ്റഡ് വിഭാഗത്തിലും ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വിശേഷാൽ ചട്ടങ്ങളിൽ തസ്തികമാറ്റ നിയമനം വഴി ഗസറ്റഡ് തസ്തികയിൽ നിന്നും നോൺ ഗസറ്റഡ് തസ്തികയിൽ നിയമനം നടത്തുന്നതിന് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഗ്രാമവികസന വകുപ്പിലെ തസ്തികകൾ</u>

3101. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന കമ്മീഷണർ, കില ഡയറക്ടർ, വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പൽ എന്നിവരെ ഉൾപ്പെടുത്തി ഗ്രാമവികസന വകുപ്പിലെ തസ്തികകൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരു സമിതി രൂപീകരിക്കുവാൻ നിർദ്ദേശം നൽകുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് സമിതിയെ നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ ഏതെല്ലാം ഫയലുകളാണ് പരിശോധനയിലുള്ളതെന്ന് വിശദമാക്കാമോ?

<u>ഗ്രാമ വികസനത്തിനായി സ്വീകരിച്ച നടപടികൾ</u>

3102. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമ വികസനത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗ്രാമ വികസനത്തിനായി കൂടുതൽ തുക സംസ്ഥാനത്തിന് അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗ്രാമ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>കോതമംഗലത്ത് ഗ്രാമവികസന വകുപ്പിന്റെ പരിശീലനകേന്ദ്രം</u>

3103. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന്റെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം പരിശീലന കേന്ദ്രത്തിന് അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പരിശീലനകേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഇ) പ്രസ്തുത പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

<u>കുടുംബശ്രീയിലെ പ്രതിസന്ധി</u>

T 3104. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടും ട്രഷറി നിയന്ത്രണവും മൂലം ഫണ്ട് ലഭിക്കാത്തതിനാൽ പുതിയ സംരംഭങ്ങളോ പദ്ധതികളോ ആരംഭിക്കേണ്ടതില്ലെന്ന് കുടുംബശ്രീ സംസ്ഥാന മിഷൻ ജില്ലാ മിഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതുമൂലം വിവിധ പ്രദേശങ്ങളിൽ കുടുംബശ്രീ കഫേകൾ, തയ്യൽ, കറി പൗഡർ യൂണിറ്റുകൾ തുടങ്ങിയവ പുതുതായി തുടങ്ങാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>അമൃത് പദ്ധതി</u>

3105. ശ്രീ.ടി.ജെ. വിനോദ്
,, സണ്ണി ജോസഫ്
,, എം. വിൻസെന്റ്
,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അമൃത് പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിൽ ഉൾപ്പെട്ട പദ്ധതികൾക്ക് എത്ര കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചുവെന്നും ഇതിനകം എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയെന്നും വെളിപ്പെടുത്താമോ;

(സി) അമൃത് പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ നീക്കി കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>അമൃത് പദ്ധതി</u>

3106. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

## നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ

3107. ശ്രീ.കെ. രാജൻ

,, മുല്ലക്കര രത്നാകരൻ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി സംവദിക്കുന്നതിന് അവസരമൊരുക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാധിക്കുന്നുണ്ടോ;

(ബി) 'സ്റ്റുഡന്റ് ലീഡേഴ്സ് കോൺക്ലേവ്' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം നിലവിലുണ്ടോ;

(ഡി) കോളേജ് യൂണിയൻ ചെയർമാൻമാരെ വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് അയക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

## പുതുതലമുറ കോഴ്സുകൾ ആരംഭിക്കാൻ നടപടി

3108. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 ബജറ്റിൽ സൂചിപ്പിച്ച അറുപത് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ആരംഭിക്കുന്നതിന് പിന്നോക്ക ജില്ലകളിൽ പ്രത്യേക പരിഗണന നൽകുമോ;

(സി) പുതുതലമുറ കോഴ്സുകൾ ആരംഭിക്കുമെന്ന് പറഞ്ഞതിൽ ഏതെല്ലാം കോഴ്സുകൾ ഉൾപ്പെടും; ഏതെല്ലാം പുതുതലമുറ കോഴ്സുകൾ സംസ്ഥാനത്തിന് ഗുണകരമാകുമെന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

## കോളേജുകളിലെ അധ്യയന സമയ പരിഷ്കരണം

3109. ശ്രീ.പി.കെ.ബഷീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ അധ്യയന സമയം രാവിലെ എട്ട് മുതൽ ഒരു മണി വരെയാക്കുന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ സമയക്രമീകരണം നടത്തുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്നും ആയതിൻപ്രകാരം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>സർക്കാർ മേഖലയിൽ ആരംഭിച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

3110. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ മേഖലയിൽ എത്ര ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു സർക്കാർ ആർട്സ്&സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിന്റെ കാലികസ്ഥിതി വിശദമാക്കാമോ?

<u>സർക്കാർ കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം</u>

3111. ശ്രീ.രാജു എബ്രഹാം

,, എം. സ്വരാജ്

,, കെ.വി.അബ്ദുൾ ഖാദർ

,, വി.കെ.പ്രശാന്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ ഓണേഴ്സ് ബിരുദവും കമ്മ്യൂണിറ്റി കോഴ്സും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(സി) കൂടുതൽ കോളേജുകൾക്ക് നാഷണൽ അസസ്സ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് എത്ര കോളേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉന്നതവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക്</u>

3112. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ പത്ത് വർഷത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക്, എണ്ണം എന്നിവ വിശദമാക്കാമോ;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും കമ്മിറ്റിയെയോ കമ്മീഷനെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കോളേജുകളിലെ പഠനാന്തരീക്ഷം, മാനസിക പിരിമുറുക്കം, മാനസിക പീഡനം എന്നിവമൂലം പഠനം ഉപേക്ഷിച്ച സംഭവങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉന്നതവിദ്യാഭ്യാസം ഫലാധിഷ്ഠിതമാക്കാൻ നടപടി</u>

3113. ശ്രീ.എം. സ്വരാജ്

,, കെ.ഡി. പ്രസേനൻ

,, വി.കെ.പ്രശാന്ത്

,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസം ഫലാധിഷ്ഠിതമാക്കി (ഔട്ട്കം ബേസ്ഡ് എജ്യുക്കേഷൻ) പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുകൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടം അറിയിക്കാമോ;

(ബി) ആഗോള വൈജ്ഞാനിക രംഗത്തെയും സാങ്കേതികവിദ്യാരംഗത്തെയും നൂതന പ്രവണതകൾ ഉൾക്കൊള്ളാൻ പര്യാപ്തമായ വിധത്തിൽ കോഴ്സുകളെ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പുതുതലമുറ അന്തർവൈജ്ഞാനിക ശാഖാ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>നാക് എ ഗ്രേഡ് അക്രഡിറ്റേഷൻ നേടിയ സർക്കാർ കോളേജുകൾ</u>

3114. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാക് എ ഗ്രേഡ് അക്രഡിറ്റേഷൻ നേടിയ സംസ്ഥാനത്തെ സർക്കാർ കോളേജുകളുടെ പേര് ലഭ്യമാക്കാമോ;

(ബി) ഈ കോളേജുകളിൽ നിലവിലുള്ള മുഴുവൻ കോഴ്സുകളുടെയും പേര് കോളേജ് തിരിച്ച് ലഭ്യമാക്കാമോ?

<u>ഫ്ലെയർ പദ്ധതി</u>

3115. ശ്രീ.എ. പ്രദീപ്കുമാർ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.വി. ജോയി

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ മുന്നേറ്റം ഉറപ്പാക്കുന്നതിനായി കോളേജ് അദ്ധ്യാപകർക്കായി അദ്ധ്യയന-ഗവേഷണ രീതികളെ മുൻനിർത്തി ഫ്ലെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകരുടെ പ്രത്യേക വാസനകളേയും കഴിവുകളെയും കണ്ടെത്തുന്നതിനും അദ്ധ്യയന രംഗത്ത് ഗവേഷണവിപുലീകരണം സ്വായത്തമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ

3116. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായി എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(ബി) സർവ്വകലാശാലയിൽ പരമ്പരാഗത കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് തൊഴിൽ സാധ്യത കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കായി ബജറ്റിൽ പ്രഖ്യാപിച്ച പുതിയ കോഴ്സുകൾ ഏതൊക്കെയാണെന്നറിയിക്കാമോ?

## കോളേജുകളിൽ അനുവദിച്ചിട്ടുള്ള പുതിയ കോഴ്സുകളും തസ്തികകളും

3117. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോളേജുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോളേജുകളിൽ അനുവദിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമെന്നും വിശദാമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുണ്ടായിരുന്ന ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം വിഷയങ്ങൾക്ക് അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേക്ക് എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കാമോ?

യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം

3118. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാല, കോളേജ് അധ്യാപകർക്ക് യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണം എന്നുമുതലാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണം അതുപോലെ നടപ്പിലാക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തിൽ 01.01.2016 മുതൽ 30.03.2019 വരെയുള്ള കുടിശ്ശിക ആയി കേന്ദ്രം എത്ര തുക അനുവദിച്ചു; എന്നാണ് അനുവദിച്ചത്; കേന്ദ്രവിഹിതം വാങ്ങി എടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ;അറിയിക്കാമോ;

(ഡി) പുതുക്കിയ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം എന്നു മുതൽ കോളേജ് അധ്യാപകർക്കും സർവ്വകലാശാല അധ്യാപകർക്കും നൽകുമെന്ന് വ്യക്തമാക്കുമോ?

യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക

3119. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല, കോളേജ് അദ്ധ്യാപകർക്ക് ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക നൽകുവാനുണ്ടോ; എങ്കിൽ എന്നുമുതലുള്ള കുടിശ്ശികയാണ് നൽകുവാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഇംഗ്ലീഷ് സാഹിത്യത്തിൽ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

3120. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ഇംഗ്ലീഷ് സാഹിത്യ വിഭാഗത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികയിലേക്ക് ഇതിനകം എത്രപേരെ നിയമിച്ചുവെന്ന് അറിയിക്കാമോ;

(സി) ശേഷിക്കുന്ന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച നയം

3121\. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപകനിയമനം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് ക്ലിയർ ചെയ്ത ഫയലിന് ധകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് ധനകാര്യവകുപ്പിലെയും ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഫയൽ നമ്പറുകൾ ലഭ്യമാക്കാമോ;

(ഡി) സ്ഥിരം അദ്ധ്യാപകർ ഇല്ലാതെ ഗസ്റ്റ് അദ്ധ്യാപകരെ ഉപയോഗിച്ച് മാത്രം കലാലയങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം സർക്കാർ ഗൗരവതരമായി പരിശോധിക്കുമോ?

<u>സർക്കാർ കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ മാത്രം അനുവദിക്കുന്ന നടപടി</u>

3122\. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പുതുതായി സ്വാശ്രയ കോഴ്സുകൾ മാത്രം അനുവദിച്ചാൽ മതിയെന്ന നിലപാട് എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) ഇത്തരം തീരുമാനത്തിലൂടെ പുതിയ അദ്ധ്യാപക നിയമനങ്ങൾ ഇല്ലാതാകുന്ന സാഹചര്യം ഉണ്ടാകില്ലേ എന്ന് പരിശോധിക്കുമോ?

<u>കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ</u>

3123\. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ യു.ജി.സി നിബന്ധനകൾക്ക് വിരുദ്ധമായി പി.ജി വർക്ക് ലോഡ് 1:15 എന്നത് വെട്ടിക്കുറയ്ക്കുവാനും ഒൻപത് മണിക്കൂറോ അതിൽ കൂടുതലോ വർക്ക് ലോഡ് വന്നാൽ ഒരു തസ്തിക അനുവദിക്കുമെന്നതിൽ മാറ്റം വരുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിനെതിരെ കോളേജ് അദ്ധ്യാപകരുടെ പ്രതിഷേധം ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ദേവസ്വം ബോർഡ് കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ എയ്ഡഡ് കോളേജുകളിലും നൂറ് കണക്കിന് അദ്ധ്യാപക തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ;

(ഡി) പ്രസ്തുത തസ്തിക നികത്തുവാൻ അനുവാദം നൽകാത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിലെ യോഗ്യത ഭേദഗതി</u>

3124. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലും കോളേജുകളിലും ബോട്ടണി, സുവോളജി അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കുവാൻ ബയോ ടെക്നോളജി എം.എസ്.സി. ഡിഗ്രിക്കാരെ യോഗ്യരാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സർവ്വകലാശാലകളുടെ അക്കാഡമിക് സമിതികൾ ഇക്കാര്യം ചർച്ച ചെയ്ത് സർക്കാരിന് ഏന്തെങ്കിലും ശിപാർശ നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) അതത് വിഷയത്തിൽ ബിരാദാനന്തര ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ളവരെ മാത്രമേ അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കാവൂ എന്ന് യു.ജി.സി. നിബന്ധനയുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ബോട്ടണി, സുവോളജി അദ്ധ്യാപക നിയമനത്തിന് ബയോടെക്നോളജി ബിരുദം തുല്യ യോഗ്യതയായി അംഗീകരിക്കണമെന്ന ആവശ്യം വിവിധ സർവ്വകലാശാലകൾ നിരസിച്ചിരുന്നോ; എങ്കിൽ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിന്മേലുള്ള സർക്കാരിന്റെ കടന്നുകയറ്റമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത് എന്ന ആക്ഷേപമുള്ളതിനാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഇക്കണോമിക്സ്, ഫിസിയോളജി വിഭാഗങ്ങളിലെ ഒഴിവുകൾ</u>

3125. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഇക്കണോമിക്സ്, ഫിസിയോളജി എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും അത് ഏതെല്ലാം കോളേജുകളിലാണെന്നും വ്യക്തമാക്കാമോ;

(ബി) മേൽ തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ എപ്രകാരമാണ് നികത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>നാദാപുരം കോളേജിന് കെട്ടിടം</u>

3126. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നാദാപുരം കോളേജിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കെട്ടിടനിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണം</u>

3127. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ആകെ പദ്ധതി തുകയിൽ നിന്നും എത്ര രൂപ നാളിതുവരെ നിർവ്വഹണ ഏജൻസിയായ 'കിറ്റ്കോ'യ്ക്ക് നൽകിയിട്ടുണ്ട്;

(ബി) നിലവിൽ കിറ്റ്കോ സമർപ്പിച്ച ബിൽ തുക എത്രയാണ്;

(സി) പ്രസ്തുത തുക അനുവദിക്കുന്നതിൽ കാലതാമസം വന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ബില്ലുകൾ നൽകാത്തത് കാരണം കെട്ടിട നിർമ്മാണം വൈകുന്നതിന്റെ ബുദ്ധിമുട്ടുകൾ ഗൗരവകരമായി കാണുമോ;

(ഇ) പ്രസ്തുത കോളേജിന്റെ നിർമ്മാണം പൂർത്തീകരിച്ച് ക്ലാസുകൾ മാറ്റുന്നതിന് നിശ്ചിത സമയം നിശ്ചയിച്ച് നൽകുവാൻ ആകുമോ എന്ന് അറിയിക്കുമോ?

<u>മങ്കട ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പൂർത്തീകരണം</u>

3128. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പുരോഗമിച്ച് വരുന്ന മങ്കട ഗവൺമെന്റ് കോളേജിന്റെ പൂർത്തീകരണത്തിനായി കിഡ്കോ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം അവശ്യഘടകങ്ങൾക്കുള്ള തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ പ്രവർത്തിച്ച് വരുന്ന വാടക കെട്ടിടത്തിൽനിന്നും കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഈ അദ്ധ്യയന വർഷം പൂർത്തിയാക്കുന്നതിന് മുമ്പ് നടപ്പിലാകുമോ എന്നറിയിക്കാമോ;

(ഡി) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ട് അഞ്ച് വർഷം പിന്നിട്ടിട്ടും പണി പൂർത്തിയാക്കുന്നതിനും ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും നേരിടുന്ന കാലതാമസം ഗൗരവമായി കണക്കിലെടുക്കുമോ?

<u>തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവൃത്തി</u>

3129. ശ്രീ.എ. എൻ. ഷംസീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെന്റ് കോളേജ് (ചൊക്ലി) കിഫ്ബിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ടെൻഡർ നടപടി ഇതുവരെയും പൂർത്തിയാകാത്തതിന്റെ കാരണം എന്താണെന്നും ആയത് ഉടനെ പൂർണ്ണമാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

മലപ്പുറം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

3130. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് കോളേജിൽ നിലവിൽ ഏതെല്ലാം ഡിഗ്രി-പി.ജി. കോഴ്സുകളാണ് നിലവിലുള്ളത്; പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പി.ജി. (അറബിക്) കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആയിരത്തിയഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത കലാലയത്തിൽ പുതിയ ഡിഗ്രി-പി.ജി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

ഇലന്തൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ്

3131. **ശ്രീമതിവീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രവർത്തനമാരംഭിച്ച സർക്കാർ കോളേജുകളിലൊന്നായ ഇലന്തൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ കോളേജിന് സ്ഥലമെടുപ്പിനുള്ള നടപടി

3132. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കോളേജിന് സ്ഥലമെടുപ്പിനുള്ള തുക അനുവദിച്ചത് ഏത് വർഷത്തിലാണെന്നും സ്ഥലമെടുപ്പ് പ്രക്രിയ ഏതുവരെ ആയെന്നും അറിയിക്കുമോ;

(ബി) സ്ഥലമെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട ഫയൽ എത്ര തവണ സെക്രട്ടേറിയറ്റിൽ നിന്നും ഹയർ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേക്കും അവിടെ നിന്ന് താഴേക്കും മടങ്ങിയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ ഭൂമി ഏറ്റെടുക്കലും കെട്ടിടനിർമ്മാണവും നടത്തുമോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കാര്യത്തിൽ ഫയൽ നടപടി വേഗത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

3133. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കോളേജിൽ ന്യൂജനറേഷൻ ഡിഗ്രി, പി.ജി കോഴ്സുകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ</u>

3134. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2020-21 വർഷത്തിൽ പുതിയതായി ആരംഭിക്കുന്ന കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) കോളേജ് അധികൃതർ പുതിയ കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജിന് ഭൂമി</u>

3135. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ പ്രവർത്തനം ആരംഭിച്ച കരുനാഗപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജിനുവേണ്ടി കരുനാഗപ്പള്ളി ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ കാമ്പസിൽ നിന്നും ഭൂമി കൈമാറുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) ഇതിനായി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ സ്കെച്ച് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എത്രയും വേഗം ഭൂമി കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ സയൻസ് വിഭാഗം</u>

3136. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളതിനാൽ സയൻസ് വിഭാഗം ആരംഭിക്കുന്നത് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

<u>ആലപ്പുഴ സെന്റ് ജോസഫ് വനിത കോളേജിലെ അദ്ധ്യാപകരുടെ വേതനം</u>

3137. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സെന്റ് ജോസഫ് വനിത കോളേജിലെ ഒൻപത് ഗസറ്റഡ് അദ്ധ്യാപകർക്ക് 2013 മുതൽ വേതനം ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് പ്രസ്തുത അദ്ധ്യാപകർ എറണാകുളം കോളിജീയറ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആലപ്പുഴ സെന്റ് ജോസഫ് വനിത കോളേജിലെ പ്രസ്തുത അദ്ധ്യാപകർക്ക് 2013 മുതലുള്ള വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള കോളേജുകൾ</u>

3138. ശ്രീ.മഞ്ഞളാംകുഴി അലി

,, പി.കെ.അബ്ദു റബ്ബ്

,, പി.കെ.ബഷീർ

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോളേജുകൾക്കാണ് നിലവിൽ നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള കോളേജുകൾ ഏതൊക്കെയാണ്; ഏതെല്ലാം കോളേജുകളുടെ ശിപാർശ പരിഗണനയിലാണെന്ന് അറിയിക്കുമോ;

(സി) നാക് അക്രഡിറ്റേഷൻ ലഭിക്കുന്ന കോളേജുകൾക്ക് യു.ജി.സി. ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകി വരുന്നത്; വ്യക്തമാക്കുമോ?

<u>വിദൂര വിദ്യാഭ്യാസ (ഉർദു) കോഴ്സിന് തുല്യത</u>

3139. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമ പ്രകാരം നിലവിൽ വന്ന മൗലാനാ ആസാദ് നാഷണൽ ഉർദു യൂണിവേഴ്സിറ്റിയുടെ (MAANU) വിദൂര വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടത്തിവരുന്ന എം.എ. (ഉർദു) കോഴ്സിന് കേരളത്തിലെ യൂണിവേഴ്സിറ്റികൾ തുല്യത നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള യു.ജി.സി. നിയമമനുസരിച്ചും സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവുകൾ അനുസരിച്ചും യു.ജി.സി. അംഗീകരിച്ച കോഴ്സുകൾക്ക് റഗുലർ, ഡിസ്റ്റൻസ് വ്യത്യാസമില്ലാതെ തന്നെ അംഗീകാരം നൽകണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എം. എ. (ഉർദു) കോഴ്സുകൾക്ക് തുല്യത നൽകുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മൗലാനാ ആസാദ് നാഷണൽ ഉർദു യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള എം.എ. (ഉർദു) കോഴ്സിന് കേരളത്തിൽ തുല്യത നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

## എറണാകുളം ലോ കോളേജിൽ എൽഎൽ.ബി. ഈവനിങ്ങ് ക്ലാസ്സുകൾ

3140. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ലോ കോളേജിൽ എൽഎൽ.ബി. ഈവനിങ്ങ് ക്ലാസ്സുകൾ പുനരാരംഭിക്കുന്നതിന് ഹൈക്കോടതി WP(c)No:21225/2016 നമ്പർ കേസിൽ 29.6.2016 ന് പുറപ്പെടുവിച്ച വിധി പ്രകാരം ഉന്നതവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഹൈക്കോടതി ഉത്തരവിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ലോ കോളേജിൽ എൽഎൽ.ബി. ഈവനിങ്ങ് ക്ലാസ്സുകൽ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 29.6.2016 ൽ വിധി വന്നിട്ടും എന്തു കാരണത്താലാണ് ക്ലാസ്സുകൾ തുടങ്ങാത്തതെന്ന് വിശദമാക്കുമോ?

## സർക്കാർ കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകൾ

3141. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 2019-20 സാമ്പത്തിക വർഷം പുതുതായി എത്ര കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ വിഷയങ്ങളിലാണെന്നും കോളേജുകൾ തിരിച്ച് വ്യക്തമാക്കാമോ?

## പുതിയ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അനുമതി

3142. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾക്ക് അനുമതി നൽകുന്നത് കർശന ഉപാധികളുടെ അടിസ്ഥാനത്തിൽ മതിയെന്ന് സാങ്കേതിക സർവ്വകലാശാല അക്കാദമിക് കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ ഉപാധികളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ ബി.ടെക് കോഴ്സ്

3143. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ (വെസ്റ്റ്ഹിൽ) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് വിഷയത്തിൽ പുതിയ ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ റിസൾട്ട്

3144. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകൾ സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലാവുന്നതിന് മുമ്പ് കോഴ്സ് പൂർത്തിയാക്കുകയും എന്നാൽ ഏതെങ്കിലും വിഷയത്തിൽ പാസ് മാർക്ക് ലഭിക്കാത്തതിനാൽ സപ്ലിമെന്ററി പരീക്ഷ എഴുതുകയും ചെയ്ത വിദ്യാർത്ഥികളുടെ റിസൾട്ട് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർപഠനവും ജോലി സാദ്ധ്യതയും അനിശ്ചിതത്വത്തിലായ ഇത്തരം വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാഡമിക് ആഡിറ്റിംഗ്

3145. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാഡമിക് ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആഡിറ്റിംഗിൽ എത്ര കോളേജുകളാണ് ആവശ്യമായ സാങ്കേതിക മികവ് പുലർത്തിയിട്ടില്ലാത്തതായി കണ്ടെത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) മികവ് പുലർത്താത്ത കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കോളേജുകളുടെ അഫിലിയേഷൻ പുന:പരിശോധിക്കുവാൻ സിൻഡിക്കേറ്റിനോട് അക്കാഡമിക് കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളുടേതെന്ന് വ്യക്തമാക്കുമോ;

(ഇ) അക്കാഡമിക് ആഡിറ്റിംഗിന്റെ ഘടന പുനക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ അനുവദിച്ച കോഴ്സുകളും തസ്തികകളും

3146. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിച്ചു എന്നറിയിക്കാമോ;

വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കോളേജിൽ എത്ര അധ്യാപക-അനധ്യാപക തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടത്; വിശദാംശം നൽകാമോ?

<u>എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണ്ണയം</u>

3147. ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം എത്ര തവണയാണ് പുനർമൂല്യ നിർണ്ണയത്തിന് വ്യവസ്ഥയുള്ളത്;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി സാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിനിക്കായി മൂന്നാമതും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു എന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് ചാൻസലർ എന്തെങ്കിലും റിപ്പോർട്ട് തേടിയിട്ടുണ്ടോ;

(ഡി) തോറ്റ വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഒരു അവസരം കൂടി നൽകുന്ന റിവ്യൂ സംവിധാനം കൊണ്ടുവരണമെന്ന് സാങ്കേതിക സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; വെളിപ്പെടുത്താമോ;

(ഇ) ഇത്തരം ഒരു ശിപാർശ നൽകുന്നതിന് അക്കാദമിക് കൗൺസിൽ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ചേലാട് പോളിടെക്നിക് നവീകരണം</u>

3148. ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ചേലാട് പോളിടെക്നിക് നവീകരണത്തിന് വേണ്ടി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ചേലാട് പോളിടെക്നിക് നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ചേലാട് പോളിടെക്നിക് നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടന്നു വരുന്നതെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയ്ക്കും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) മുഴുവൻ പ്രവൃത്തികളും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>നടുവിൽ പോളിടെക്നിക്ക്</u>

3149\. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ സ്ഥലം പുതിയതായി ആരംഭിക്കുന്ന നടുവിൽ പോളിടെക്നിക്കിന് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് അറിയിക്കാമോ;

(ബി) പോളിടെക്നിക്കിന്റെ അംഗീകാരത്തിന് എ.ഐ.സി.ടി.ഇ.-യിൽ അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പോളിടെക്നിക്കിനാവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ടെൻഡർ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

<u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രേഡ്സ്മാൻമാരുടെ പുനർവിന്യാസം</u>

3150\. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിയമിക്കേണ്ട ട്രേഡ്സ്മാൻമാരുടെയും ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡുകൾ സിലബസ് അനുസരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ നിലവിലുള്ള എൽ1/135/2019/ഉന്നതവിദ്യാഭ്യാസം. ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സിവിൽ ട്രേഡുകാരെയും സർവ്വെ ട്രേഡുകാരെയും നിയമിക്കേണ്ടതിന് പകരം നിയമിച്ചിട്ടുള്ള പ്ലംബിങ് മുതലായ ട്രേഡുള്ള ജീവനക്കാരെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലുള്ള ഹൈഡ്രോളിക്സ് ലാബിലേക്ക് പുനർവിന്യസിക്കണം എന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>പയ്യന്നൂർ വനിത പോളിടെക്നിക്കിന്റെ ചുറ്റുമതിൽ നിർമ്മാണം</u>

3151\. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ കിറ്റ്കോ മുഖാന്തിരം നടപ്പിലാക്കുന്ന ചുറ്റുമതിൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി തുടങ്ങാൻ സാധിക്കുമെന്നറിയിക്കുമോ?

<u>സി-ആപ്റ്റ് പ്രവർത്തനങ്ങൾ</u>

3152. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റിൽ 2015 സാമ്പത്തിക വർഷം മുതൽ 2018 സാമ്പത്തിക വർഷം വരെ സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി പദ്ധതിയേതര വിഹിതം എന്തൊക്കെ കാര്യങ്ങൾക്ക് ചെലവഴിച്ചു വന്ന് വ്യക്തമാക്കാമോ;

(ബി) റൊണാൾഡ് അച്ചടി മെഷീനുമായി ബന്ധപ്പെട്ട് എ.ജി.യുടെ റിപ്പോർട്ടിലെ വിയോജനക്കുറിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമൊ;

(സി) ഫോർ കളർ വെബ് ഓഫ് സെറ്റ് (റൊണാൾഡ്) ഷീറ്റർ പ്രവർത്തനയോഗ്യമാണോ; സ്ഥാപനത്തിലെ യൂണിയനുകളുടെ എതിർപ്പ് മറികടന്ന് എത്ര രൂപ പ്രിൻറർ നല്കിയ കമ്പനിക്ക് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) സി-ആപ്റ്റിലെ ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് വിവിധ സെന്ററുകളിൽ നിന്നും ജീവനക്കാരുടെ സേവനം ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത ജീവനക്കാരുടെ സേവനം നിർത്തലാക്കിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) സി-ആപ്റ്റ് ജീവനക്കാർക്ക് ശമ്പളകുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ എത്രശതമാനം നൽകാനുണ്ട്; ഏതൊക്കെ കാലയളവിലെ കുടിശ്ശികയാണ് നൽകാനുള്ളത്; കുടിശ്ശിക നൽകാനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(എഫ്) സി-ആപ്റ്റിലെ സെന്ററുകളിൽ 2015 ജനുവരി മുതൽ 2020 ജനുവരി വരെ ഓരോ സെന്ററിന്റെയും തനത് വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ എന്നിവയുടെ സാമ്പത്തികസ്ഥിതി</u>

3153. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ എന്നിവ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന നിലയിൽ വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വാർത്തകൾക്ക് വസ്തുതകളുമായി എന്തെങ്കിലും ബന്ധമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.യുടെ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഐ.എച്ച്.ആർ.ഡി. യുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് എൽ.ബി.എസ്. സെന്ററിന്റെ എത്ര കാമ്പസുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിവരങ്ങൾ വെളിപ്പെടുത്താമോ;

(ഡി) എൽ.ബി.എസ്. സെന്ററിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ?

<u>മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം</u>

3154. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇൻകെൽ എജ്യൂസിറ്റിയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പതിച്ചു കിട്ടാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 1993-ൽ ആരംഭിച്ച കോളേജിന് ഇപ്പോഴും സ്വന്തം കെട്ടിടമായിട്ടില്ലാത്ത സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ ഊർജ്ജിത ശ്രമങ്ങൾ വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

3155. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസരംഗത്ത് എന്തെങ്കിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനായി സർക്കാർ ലക്ഷ്യമിട്ടിരുന്നോ; വിശദാംശം നൽകുമോ;

(ബി) ഇതിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) ഈ രംഗത്ത് ഏർപ്പെടുത്തുന്ന മാറ്റങ്ങൾക്ക് രാജ്യാന്തര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ടെക്നിക്കൽ സ്കൂളുകളിലെ മലയാളം അദ്ധ്യാപക തസ്തികകളിൽ നിയമനം

T 3156. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളുകളിലെ മലയാളം അദ്ധ്യാപക തസ്തികകളിൽ വർഷങ്ങളായി നിയമനം നടക്കുന്നില്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഈ സ്കൂളുകളിലെ ഒഴിവുകൾ യഥാസമയം പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാതിരിക്കുകയും കുട്ടികളെ മന:പ്പൂർവ്വം മലയാളം പഠിപ്പിക്കാതിരിക്കുകയും ചെയ്യുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ ബോധപൂർവ്വം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) മലയാളം അദ്ധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന സാഹചര്യത്തിൽ ടെക്നിക്കൽ സ്കൂളുകളിലെ മലയാളം അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക്

റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

3157. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 31.07.2019-ലെ സ.ഉ.(സാധാ)നം.1335/2019/ഉ.വി.വ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; എങ്കിൽ കമ്മിറ്റിയുടെ ഘടനയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും തുടർനടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അറിയിക്കുമോ?

നോർക്ക റൂട്ട്സ് സർവ്വകലാശാലകൾക്ക് നൽകിയ കത്ത്

3158. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്ക് ദാനത്തിലൂടെ എം.ജി. സർവ്വകലാശാലയും, മോഡറേഷൻ നൽകി കേരള സർവ്വകലാശാലയും വിജയിപ്പിച്ച ചില വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ പരീക്ഷകളുടെ ബിരുദ സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം റദ്ദാക്കുന്നത് എന്നറിയിക്കാമോ;

(സി) നോർക്ക റൂട്ട്സിൽ അറ്റസ്റ്റേഷന് വേണ്ടി സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ റദ്ദാക്കിയവ ഉണ്ടോ എന്ന് അറിയിക്കുവാൻ നോർക്ക റൂട്ട്സ് രണ്ട് സർവ്വകലാശാലകൾക്കും കത്ത് നൽകിയിരുന്നോ;

(ഡി) പ്രസ്തുത കത്തുകളിന്മേൽ എന്തെങ്കിലും വിശദീകരണം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കാൻ നടപടി

3159. ശ്രീ.ഐ.ബി. സതീഷ്
ശ്രീമതിവീണാ ജോർജ്ജ്
ശ്രീ.പി.ടി.എ. റഹീം
,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ പരീക്ഷകളും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റുകളുടെ വിതരണവും കൃത്യതയോടെ നടത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രവേശനം മുതൽ പരീക്ഷ വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ബന്ധപ്പെട്ട സർവ്വകലാശാലകൾ അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ;

(സി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണവും യഥാസമയം നടത്താത്തത് വിദ്യാർത്ഥികളുടെ തുടർപഠനത്തെയും തൊഴിലന്വേഷണത്തെയും ബാധിക്കുമെന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## കറസ്പോണ്ടൻസ് കോഴ്സുകൾ

3160. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

താൽക്കാലിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന യുവജനങ്ങൾക്ക് വേണ്ടി സംസ്ഥാനത്തെ സർവ്വകലാശാലകൾ കൂടുതൽ കറസ്പോണ്ടൻസ് കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

## യൂണിവേഴ്സിറ്റികൾ റദ്ദാക്കിയ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ

3161. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള, മഹാത്മാഗാന്ധി എന്നീ യൂണിവേഴ്സിറ്റികളിലെ എത്ര ബിരുദ സർട്ടിഫിക്കറ്റുകൾ 2018, 2019 വർഷങ്ങളിൽ റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) റദ്ദാക്കിയ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ വിവിധ സർക്കാർ വകുപ്പുകളെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം നോർക്ക റൂട്ട്സ് വകുപ്പിനെ എന്നാണ് അറിയിച്ചതെന്ന് വ്യക്തമാക്കാമോ?

## സർവ്വകലാശാലകളിലെ നിയമങ്ങളുടെ പരിഷ്കരണം

3162. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമങ്ങളിലെ പല വ്യവസ്ഥകളും ആധുനിക കാലത്തിന് യോജിക്കാത്തവയും, കാലഹരണപ്പെട്ടവയും ആണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ കാലഹരണപ്പെട്ട പ്രസ്തുത വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) അതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് സർവ്വകലാശാലകളിലെ ചട്ടങ്ങളിൽ വ്യക്തമായ നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അവ്യക്തത നീക്കുന്നതിനും അവിടുത്തെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളുടെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള സർവ്വകലാശാലയിൽ മാർക്ക് കൂട്ടി നൽകിയത് സംബന്ധിച്ച അന്വേഷണം

3163. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ മോഡറേഷൻ മാർക്ക് കൂട്ടി നൽകിയത് സംബന്ധിച്ച് അന്വേഷണം നടത്തിയ വിദഗ്ദ സമിതിയുടെയും ആഭ്യന്തര അന്വേഷണ കമ്മിറ്റിയുടെയും കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ക്രൈംബ്രാഞ്ച് പ്രാഥമിക അന്വേഷണത്തിന് ശേഷം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്

3164. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളിൽ ഫുൾടൈം പഠനം നടത്തുന്ന ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തങ്ങളുടെ സൂപ്പർവൈസർ യൂണിവേഴ്സിറ്റി ക്യാമ്പസിന് പുറത്തുള്ള ഏതെങ്കിലും ഒരു കേന്ദ്രത്തിലായി എന്ന ഒറ്റക്കാരണത്താൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രതിസന്ധി പരിഹരിക്കുവാനും ഫെല്ലോഷിപ്പ് അവർക്ക് കൂടി നൽകുവാനും സത്വര നടപടി സ്വീകരിക്കുമോ?

## എം.ജി. സർവ്വകലാശാലയിൽ മാർക്ക് കൂട്ടി നൽകിയ നടപടി

3165. **ശ്രീ.വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ എം.ജി. സർവ്വകലാശാലയിൽ നടന്ന മാർക്ക് ദാനത്തിലൂടെ എത്ര കുട്ടികളാണ് ബി.ടെക്. പരീക്ഷ പാസ്സായതെന്ന് അറിയിക്കുമോ;

(ബി) ഇവർക്ക് പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റോ ഡിഗ്രി സർട്ടിഫിക്കറ്റോ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് എന്നറിയിക്കാമോ;

(സി) ഇവർക്ക് അഞ്ച് മാർക്ക് വീതം കൂട്ടി നൽകിയ നടപടി പിൻവലിക്കുവാൻ എം.ജി. സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിവാദ മാർക്ക് ദാനത്തിലൂടെ വിജയിച്ച വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റ് റദ്ദാക്കിയത് ഇതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>വനിതാ ഹോസ്റ്റലുകളിലെ വിദ്യാർത്ഥിനികൾക്കുള്ള പ്രവേശന സമയം</u>

3166. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലും സർവ്വകലാശാലകൾക്ക് കീഴിലുമുള്ള വനിതാ ഹോസ്റ്റലുകളിലെ വിദ്യാർത്ഥിനികൾക്കുള്ള പ്രവേശന സമയം രാത്രി 9.30 വരെ നീട്ടിനൽകിയിട്ടുണ്ടോ;

(ബി) നീട്ടിനൽകുന്നതിന് മുമ്പ് പ്രവേശന സമയംഎത്ര വരെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സമയം നീട്ടിനൽകിയ ഉത്തരവ് മറ്റ് സ്വകാര്യ കോളേജുകളുമായി ബന്ധപ്പെട്ട വനിതാ ഹോസ്റ്റലുകൾക്കും ബാധകമാണോ;

(ഡി) ഇല്ലെങ്കിൽ അവിടങ്ങളിൽക്കൂടി ഇത് ബാധകമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഷീ സ്കിൽ പദ്ധതി</u>

3167. ശ്രീ.വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ്പ് നടത്തുന്ന ഷീ സ്കിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) ഈ പദ്ധതിക്ക് ആകെ എത്ര തുകയാണ് ചെലവായത് എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>കായംകുളം മണ്ഡലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

T 3168. ശ്രീമതി യു. പ്രതിഭ **:** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) നടപ്പാക്കുന്നതിന് കായംകുളം മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ ഏതൊക്കെയെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

<u>അമരവിളയിൽ അനുവദിച്ച അസാപ് പാർക്ക്</u>

3169. ശ്രീ.കെ. ആൻസലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിളയിൽ അനുവദിച്ച അസാപ് പാർക്കിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ബി) അസാപ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അസാപ് പാർക്കിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

## വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

3170. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ താലൂക്കിൽ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര സ്ഥാപനങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുവാൻ നടപടി

3171. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് സ്വത്തുക്കൾ സംബന്ധിച്ച സർവ്വേ നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത സ്വത്തുക്കൾ തിരിച്ചുപിടിക്കുവാൻ നിയമ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## ഹജ്ജ് പിൽഗ്രിം പദ്ധതിയിലുൾപ്പെടുത്തി റോഡുകളുടെ നവീകരണം

3172. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് ഹജ്ജ് പിൽഗ്രിം പദ്ധതിയിലുൾപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ, എയർപോർട്ടുമായി ബന്ധപ്പെട്ട ഗ്രാമീണ റോഡുകൾ നവീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഹജ്ജ് തീർത്ഥാടനം സുഗമമാക്കുന്നതിനായി കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട ചെയ്യേണ്ട വിവിധ കാര്യങ്ങൾ സംബന്ധിച്ച നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികളാണ് ന്യൂനപക്ഷ വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ന്യൂനപക്ഷ പരീക്ഷ പരിശീലന കേന്ദ്രം

3173. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ ന്യൂനപക്ഷ പരീക്ഷ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ യോഗ്യതാമാനദണ്ഡങ്ങൾ

T 3174. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യതാമാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ജാതി-മത വിഭാഗങ്ങൾക്കാണ് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതെന്നും ഓരോവിഭാഗവും സംസ്ഥാനത്തെ ജനസംഖ്യയുടെ എത്രശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ആനുകൂല്യങ്ങൾക്കായി 2019-2020 സാമ്പത്തിക വർഷം എത്ര രൂപാ നീക്കിവെച്ചുവെന്നും എന്തു ചെലവായെന്നും വിശദമാക്കുമോ?

## ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കു ചെലവഴിച്ച തുക

3175. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; വിശദാംശം നൽകാമോ;

(ബി) ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെലവഴിച്ച തുകയുടെ വിശദാംശം വാർഷികാടിസ്ഥാനത്തിൽലഭ്യമാക്കാമോ?

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ന്യൂനപക്ഷ പഠനകേന്ദ്രം

3176. ശ്രീ.അബ്ദുൽ ഹമീദ് പി.

,, ടി.എ.അഹമ്മദ് കബീർ

,, എം. സി. കമറുദ്ദീൻ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ട കാലിക്കറ്റ് യൂണിവേഴ്സിറ്റി ന്യൂനപക്ഷ പഠനകേന്ദ്രം എന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വിശദമാക്കാമോ;

(ബി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഏത് താലൂക്കിലെ ഏത് വില്ലേജിൽ എന്ന് വ്യക്തമാക്കാമോ;

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

3177. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ ലോൺ മാനേജ് മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ ഇതുവരെ സ്ഥാപിക്കാത്ത സാഹചര്യമുണ്ടോ; ഇതു കാരണം എ.ജി. ഓഡിറ്റ് പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(ബി) ഓഡിറ്റ് പൂർത്തിയാക്കാത്തതിനാൽ സർക്കാർ ആനുകൂല്യങ്ങൾ അനുവദിക്കില്ലെന്ന് ചീഫ് സെക്രട്ടറി കോർപ്പറേഷനെ അറിയിക്കുകയുണ്ടായോ;

(സി) എ.ജി. ഓഡിറ്റ് പൂർത്തീകരിക്കാൻ കഴിയാത്തത് വ്യാപകമായ അഴിമതിക്കും ക്രമക്കേടിനും വഴിവയ്ക്കുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) മദ്രസാദ്ധ്യാപകർക്ക് വായ്പ നൽകുന്നതിലേക്ക് സർക്കാർ അനുവദിച്ച ഇരുപത് കോടിയോളം രൂപ വകമാറ്റി രണ്ട് സ്വകാര്യ ബാങ്കുകളിൽ കോർപ്പറേഷൻ സ്ഥിരം നിക്ഷേപം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## ന്യൂനപക്ഷ ധനകാര്യവികസന കോർപ്പറേഷനിൽ സോഫ്റ്റ് വെയർ

3178. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യവികസന കോർപ്പറേഷനിൽ സോഫ്റ്റ് വെയർ പൂർത്തീകരിക്കാൻ എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ച് കിട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) എപ്പോഴാണ് തുക അനുവദിച്ചതെന്നും അത് ചെലവഴിച്ചോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) സി.എ.ജി. ഓഡിറ്റ് വർഷങ്ങളായി പൂർത്തീകരിക്കാത്തതിനാൽ ഇനി സർക്കാർ ധനസഹായം ലഭിക്കില്ലെന്ന അറിയിപ്പ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഏത് വർഷങ്ങളിലെ ഓഡിറ്റുകളാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്നും കാലവിളംബത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## പാവറട്ടിയിൽ പി.എസ്.സി. പരീക്ഷാ പരിശീലന ഉപകേന്ദ്രം

3179. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ മണലൂർ മണ്ഡലത്തിലെ പാവറട്ടിയിൽ ഒരു പി.എസ്.സി. പരീക്ഷാ പരിശീലന ഉപകേന്ദ്രം അനുവദിക്കുന്നതിനായി പാവറട്ടി തീർത്ഥ കേന്ദ്രം ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണലൂർ എം.എൽ.എ.യുടെ ശിപാർശയോടുകൂടി നൽകിയ പ്രസ്തുത അപേക്ഷയിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചു;

(സി) 22.11.2019-ലെ 4013850/2019/MHedn നമ്പർ പ്രകാരമുള്ള പ്രസ്തുത അപേക്ഷയിന്മേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ച് ചെങ്ങന്നൂരിലെ പ്രവൃത്തികൾ

3180. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ച് ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വയനാട് ജില്ലയിലെ വാഹന പരിശോധന

3181. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ സാമ്പത്തികവർഷം മോട്ടോർ വാഹന വകുപ്പ് നടത്തിയിട്ടുള്ള വാഹന പരിശോധനയിൽ കണ്ടെത്തിയ പിഴവുകൾക്ക് ഈടാക്കിയ പിഴ തുക ആകെ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് തരത്തിൽപ്പെട്ട വാഹനങ്ങളിൽ നിന്നാണ് കൂടുതൽ നിയമലംഘനങ്ങൾ കണ്ടുവരുന്നത്;

(സി) മോട്ടോർ വാഹന വകുപ്പ് വാഹനമോടിക്കുന്നവർ നടത്തുന്ന നിയമലംഘനങ്ങൾ കണ്ടെത്താൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## വിന്റേജ് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ

3182. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിന്റേജ് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് കേന്ദ്ര സർക്കാർ നിയമഭേദഗതി കൊണ്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായുള്ള നിയമത്തിന്റെ കരട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് അഭിപ്രായമാണ് അറിയിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത പഴയ വാഹനങ്ങൾക്കും വിന്റേജ് രജിസ്ട്രേഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>മോട്ടോർ വാഹന വകുപ്പിന് ലഭിച്ച വരുമാനം</u>

3183. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ മോട്ടോർ വാഹന വകുപ്പ് മുഖാന്തരം ലഭിച്ച വരുമാനം എത്ര വീതമാണെന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ഈ വരുമാനത്തിൽ ഏതെല്ലാം ഇനങ്ങൾ ഉൾപ്പെടുന്നുവെന്ന് അറിയിക്കാമോ?

<u>മോട്ടോർ വാഹന വകുപ്പിലെ ഡിജിറ്റൽ സേവനങ്ങൾ</u>

3184. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ കടലാസ് രേഖകൾ വേണ്ടതും വേണ്ടാത്തതുമായ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് മുഖേന ഡിജിറ്റലായി കിട്ടുന്ന രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്ക് ഡിജിറ്റൽ ഫയൽ മതിയോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ദീർഘദൂര സർവ്വീസ് ബസ്സുകളിലും ലോറികളിലും രണ്ട് ഡ്രൈവർമാർ</u>

3185. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളിലും ലോറികളിലും രണ്ട് ഡ്രൈവർമാരുണ്ടാകണമെന്നത് കണക്കിലെടുത്ത് ഇവ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ്നാട്ടിലെ അവിനാശിക്ക സമീപമുണ്ടായ അപകടം കണക്കിലെടുത്ത് സർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

3186. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2019 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട പുതിയ വാഹനങ്ങളുടെ എണ്ണം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്നും ജില്ലാടിസ്ഥാനത്തിൽ വാഹനങ്ങളുടെ ഇനം തിരിച്ച് വിശദമാക്കാമോ?

## പരിഷ്ക്കരിച്ച മോട്ടോർ വാഹന നിയമം

3187. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ.എം. കെ. മുനീർ

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമം അനുസരിച്ച് പരിഷ്ക്കരിച്ച മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ ചുമത്തുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിൽ ഇളവ് വരുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിരുന്നോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്രത്തെ അറിയിച്ചിരുന്നോ; ആയതിന് കേന്ദ്ര സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ടോ?

## റോഡ് സുരക്ഷാ അതോറിറ്റി നിയമത്തിൽ ഭേദഗതി

T 3188. ശ്രീ.പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ അതോറിറ്റി ആക്ടിൽ ഭേദഗതി വരുത്തി സ്വതന്ത്ര ചുമതലയുള്ള റോഡ് സുരക്ഷാ കമ്മീഷണർ തസ്തികക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമപ്രകാരം കമ്മീഷണർക്ക് റോഡ് സുരക്ഷ കാര്യങ്ങളിൽ ഇടപെടുവാനുള്ള പൂർണ്ണ അധികാരം ഉണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി റോഡ് സുരക്ഷാ അതോറിറ്റി നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ റോഡ് സുരക്ഷ പദ്ധതി

T 3189. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ഓരോ പ്രവൃത്തിക്കായും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ?

റോഡ് സുരക്ഷാ ഫണ്ട്

3190. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ടിനായി സർക്കാർ പിരിച്ച അറുനൂറ് കോടിയോളം രൂപ ഇനിയും റോഡ്ഫണ്ട് അതോറിറ്റിക്ക് കൈമാറാത്ത സാഹചര്യമുണ്ടോ എന്നറിയിക്കാമോ;

(ബി) ട്രഷറി അക്കൗണ്ടിലെത്തിയ ഈ പണമത്രയും വകമാറ്റി ചെലവഴിക്കുക ഉണ്ടായോ;

(സി) അതോറിറ്റി നടപ്പാക്കുന്ന റോഡ് സുരക്ഷാ പദ്ധതികളിൽ പലതും ഫണ്ടില്ലാതെ അവതാളത്തിലാകുമ്പോൾ ലഭിക്കേണ്ട അർഹമായ തുക അതോറിറ്റിക്ക് കൈമാറാത്തതിന്റെ സാഹചര്യമെന്തെന്ന് അറിയിക്കാമോ;

(ഡി) വാഹന വകുപ്പ് ശേഖരിക്കുന്ന ഒരു ശതമാനം സെസ്സും വകുപ്പ് ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീസിന്റെ പകുതിയും അതോറിറ്റിക്ക് നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(ഇ) എങ്കിൽ ഈ തുക സർക്കാർ പിരിച്ചതിന് തെളിവുണ്ടെങ്കിലും പണം എന്തിന് ചെലവഴിച്ചു എന്നതിന് വ്യക്തതയില്ലാത്ത സാഹചര്യമുണ്ടോ; ഇക്കാര്യം പരിശോധിച്ച് വിശദാംശങ്ങൾ നൽകുമോ?

റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

3191. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇരുചക്രവാഹനങ്ങളിൽ പുറകിൽ ഇരിക്കുന്നവർക്കും ഹെൽമറ്റ് നിർബന്ധമാക്കിയതിനുശേഷം അപകട മരണങ്ങൾ കുറഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഗതാഗത സുരക്ഷാനടപടികൾ

3192. ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സുരക്ഷയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചതിനുശേഷം നാളിതുവരെ ഓരോ വർഷവും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അതിൽ എത്ര തുക റോഡ് സേഫ്റ്റി അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) റോഡ് സേഫ്റ്റിയ്ക്കായി ഫണ്ട് ലഭിക്കുന്നതിനുള്ള മറ്റ് ധനസ്രോതസ്സുകൾ ഏതൊക്കെയെന്നും അതിൽ നിന്നും ലഭ്യമായ തുക എത്രയെന്നും വിശദമാക്കാമോ?

## റോഡ് സുരക്ഷ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം

3193. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമങ്ങളെക്കുറിച്ചും റോഡ് നിയമങ്ങളെക്കുറിച്ചും വ്യക്തമായ അവബോധം ഇല്ലാത്തതാണ് റോഡപകടങ്ങളുടെ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് പ്രൈമറി തലം മുതൽ കുട്ടികളിൽ അവബോധം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) റോഡ് സുരക്ഷ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനാവശ്യമായ നിർദ്ദേശം വിദ്യാഭ്യാസ വകുപ്പിന് നൽകുമോയെന്ന് വ്യക്തമാക്കാമോ?

## അവിനാശി ബസ്സപകടത്തിൽ ആശ്രിതർക്കുള്ള ധനസഹായം

3194. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിനാശി ബസ്സപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും എത്ര രൂപയാണ് സഹായമായി പ്രഖ്യാപിച്ചിട്ടുള്ളതെന്നും തുക ബന്ധപ്പെട്ടവർക്ക് നൽകിയോയെന്നും വ്യക്തമാക്കാമോ;

(ബി) സഹായമായി പ്രഖ്യാപിച്ച തുകയിൽ സർക്കാരിന്റെ ഒരു രൂപ പോലും സർക്കാർ സഹായമില്ലെന്ന ആക്ഷേപം ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് കമ്പനി നൽകുന്ന തുകയാണോ സർക്കാർ സഹായമായി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ?

## ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് അത്യാധുനിക ക്യാമറകൾ

3195. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച എത്ര വാഹനങ്ങൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വാഹനങ്ങളിലെ ക്യാമറയിൽ പകർത്തുന്ന ദൃശ്യങ്ങൾ പരിശോധിക്കുന്നതിനും നിയമ

ലംഘനങ്ങൾ കണ്ടെത്തുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ട്രാഫിക് സിഗ്നൽ സംവിധാനം

3196. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് സിഗ്നൽ പോസ്റ്റുകളിൽ വലതുവശത്തേക്ക് തിരിയാൻ പാടില്ലാത്ത സ്ഥലങ്ങളിൽ ആയത് വെളിവാക്കുന്ന ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നവർക്കും മറ്റും കേരളത്തിലെ പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വലതുവശത്തേക്ക് തിരിയാൻ പാടില്ലാത്ത സ്ഥലങ്ങൾ അറിയാൻ കഴിയാത്തതിനാൽ ട്രാഫിക് സിഗ്നലുകളിൽ വളരെയേറെ സമയം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ലൈസൻസ് നൽകുന്നത് കുറ്റമറ്റതാക്കാൻ നടപടി

3197. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാരുടെ അശ്രദ്ധ കാരണം വാഹനാപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കൂടുതൽ കുറ്റമറ്റതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ലേണിംഗ് ടെസ്റ്റിന്റെ ഭാഗമായുള്ള സിലബസിൽ ട്രാഫിക് ബോധവത്കരണം കൂടുതൽ ഉൾപ്പെടുത്താനും നിശ്ചിത സമയത്തെ ക്ലാസ്സുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സുരക്ഷിത യാത്രയ്ക്കായി സേഫ് കേരള പദ്ധതി

T 3198. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ആകുമ്പോഴേക്കും റോഡപകടങ്ങൾ അമ്പത് ശതമാനം കുറയ്ക്കുവാൻ ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി സേഫ് കേരള പദ്ധതി നടപ്പിലാക്കുമെന്ന് 2018 മേയിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) സുരക്ഷിതമായ യാത്ര ഉറപ്പാക്കുവാൻ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം, ക്യാമറ സംവിധാനം എന്നിവ സജ്ജമാക്കുകയും അവയ്ക്ക് ജില്ലാതലത്തിൽ കൺട്രോൾ റൂം തുറക്കുകയും ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് റോഡ് സുരക്ഷ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വൻ അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് നിരത്തുകളിൽ മൂന്നൂറ്റി അറുപത്തിയഞ്ച് ദിവസങ്ങളിലും ഇരുപത്തിനാല് മണിക്കൂറും നിതാന്ത ജാഗ്രത പുലർത്തുന്ന സ്ഥിരം സംവിധാനം

ഉണ്ടാക്കുന്നതിനും റോഡുകൾ മരണക്കെണിയാകുന്ന നിലവിലെ സ്ഥിതിക്ക് മാറ്റം കൊണ്ടുവരുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ദീർഘദൂര സർവ്വീസ് ബസ്സുകളിൽ സീറ്റ് ബെൽറ്റ്

3199. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളിലുൾപ്പെടെ സീറ്റ് ബെൽറ്റില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസ് ബസ്സുകളിലെങ്കിലും സീറ്റ് ബെൽറ്റ് സ്ഥാപിച്ച് നിർബന്ധമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ദേശീയപാതകളിലെ ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

3200. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നിയമലംഘനം കണ്ടെത്തുന്നതിന് ദേശീയപാതകളിൽ മോട്ടോർ വാഹനവകുപ്പ് സ്ഥാപിച്ച ക്യാമറകളിൽ പലതും പ്രവർത്തിക്കുന്നില്ല എന്നത് കണക്കിലെടുത്ത് അവ യഥാസമയം പ്രവർത്തനക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലൈസൻസില്ലാതെ വാഹനമോടിക്കുന്ന കൗമാരക്കാർ

3201. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ വാഹനമോടിക്കുന്ന കൗമാരക്കാരെ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ ലൈസൻസില്ലാതെ വാഹനമോടിക്കുന്ന കൗമാരക്കാർ സൃഷ്ടിക്കുന്ന അപകടം മൂലം എത്ര കൗമാരക്കാർക്കും മറ്റുള്ള എത്ര യാത്രക്കാരും 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ മരണം സംഭവിച്ചിട്ടുണ്ടെന്ന കണക്ക് നൽകാമോ;

(സി) കൗമാരക്കാരുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിന് വേണ്ടി വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളും ബോധവല്ക്കരണ പരിപാടികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റോഡുസുരക്ഷക്കായി ചെലവഴിച്ച തുക

T 3202. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയ്ക്കുവേണ്ടി കേരള റോഡ് ഫണ്ട് അതോറിറ്റിയ്ക്കായി ഇതിനോടകം എത്ര രൂപ സമാഹരിച്ചെന്നും ഇതിൽ എത്ര തുക അതോറിറ്റിക്കായി കൈമാറിയെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുക ഇതിനോടകം എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) 2019-20 സാമ്പത്തിക വർഷം റോഡുസുരക്ഷക്കായി ഈ ഫണ്ടിൽ നിന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

<u>വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ</u>

3203. ശ്രീ.കെ. രാജൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്താകെ റിപ്പോർട്ട് ചെയ്ത അപകടങ്ങളിൽ ഇരുചക്രവാഹനങ്ങൾ മുഖേനയുള്ള അപകടങ്ങളാണോ കൂടുതലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏറിവരുന്ന വാഹനസാന്ദ്രതയും റോഡുകളുടെ വികസനവും തമ്മിലുള്ള അനുപാതത്തിന്റെ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റോഡ് രൂപകല്പനയിലെ അപര്യാപ്തത മോട്ടോർ വാഹനങ്ങളുടെ സഞ്ചാരത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ അപകട സാധ്യത കൂടുന്നു എന്ന് ഏതെങ്കിലും പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(എഫ്) റോഡ് സുരക്ഷാ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ടൂറിസ്റ്റ് ബസ്സുകൾക്ക് ഏകീകൃത നിറം</u>

3204. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ബസ്സ് നടത്തിപ്പുകാർ തമ്മിലുണ്ടാകുന്ന അനാരോഗ്യകരമായ മത്സരം അവസാനിപ്പിക്കാൻ സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകൾക്ക് ഏകീകൃത നിറം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ടൂറിസ്റ്റ് ബസ്സുകൾ മുഖേനയും അവയുടെ സർവീസ് സംബന്ധിച്ചും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ</u>

3205. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര (കൺസഷൻ) കെ.എസ്.ആർ.ടി.സി യിൽ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൺസഷൻ നിലവിൽ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ</u>

3206. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ പൊതുഗതാഗത മാർഗ്ഗമായി വികസിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ എത്ര പുതിയ വാഹനങ്ങൾ വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; ആയത് എപ്രകാരം വിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യെ അടുത്ത ഒരു വർഷത്തിനകം ലാഭകരമാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.യുടെ ആസ്തി</u>

3207. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യുടെ ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ ആസ്തി നിലവിൽ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി.യുടെ നവീകരണം</u>

3208. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു ഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി. യുടെ നവീകരണത്തിനും യാത്രാസൗകര്യം കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ സർവ്വീസ് നടത്താനുള്ള പ്രവർത്തനക്ഷമമായ എത്ര ബസ്സുകളുണ്ട്; ആവശ്യമായ ബസ്സുകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി സർക്കാർ ഓരോ വർഷവും നൽകിയ ധനസഹായങ്ങൾ എന്തെല്ലാം; കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ട തുക എത്ര: വിശദാംശം ലഭ്യമാക്കുമോ?

## ആഡംബര ബസുകൾക്ക് പെർമിറ്റ് ഒഴിവാക്കുന്നതിനുള്ള കേന്ദ്ര നിയമ ഭേദഗതി

3209. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര ബസുകൾക്ക് പെർമിറ്റ് ഒഴിവാക്കുന്നതിനുള്ള കേന്ദ്ര നിയമ ഭേദഗതി സംസ്ഥാനത്തെ ഗതാഗത രംഗത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിക്കുമെന്നാണ് കരുതുന്നത്;

(ബി) കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കുന്ന ഈ നിയമ ഭേദഗതിയിൽ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് സംസ്ഥാനം കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## ഗതാഗത വകുപ്പിനുള്ള അധികാരത്തിന്മേൽ കടന്നുകയറ്റം

3210. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന പാതകളിലേയ്ക്കുള്ള ബസ് റൂട്ട്, പെർമിറ്റ് എന്നിവ നിശ്ചയിക്കുന്നതിലും നൽകുന്നതിലും സംസ്ഥാന ഗതാഗത വകുപ്പിനുള്ള അധികാരത്തിന്മേൽ ഏതെങ്കിലും തരത്തിലുള്ള കടന്നുകയറ്റം കേന്ദ്രസർക്കാർ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിനെതിരെ ഏത് വിധത്തിലുള്ള പ്രതിരോധമാണ് സർക്കാർ നടത്തുതെന്ന് വിശദമാക്കാമോ?

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

3211. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂർ ഡിപ്പോയിൽ നിന്ന് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂരിൽ വന്നെത്തുന്ന ഭക്തരുടെ സൗകര്യാർത്ഥം അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ചെങ്ങന്നൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നത് പരിഗണിക്കുമോ?

## പോലീസുദ്യോഗസ്ഥർക്കുള്ള ബസ്സ് വാറണ്ട്

3212. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ, എ.സി. ബസ്സുകളിൽ പോലീസുദ്യോഗസ്ഥർ ബസ്സ് വാറണ്ട് ഉപയോഗിച്ച് യാത്ര ചെയ്യുന്നത് വിലക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് കെ.എസ്.ആർ.ടി.സി. കത്ത് അയച്ചിട്ടുണ്ടോ;

(സി) പോലീസുദ്യോഗസ്ഥർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്ത ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് എന്ത് തുകയാണ് ലഭിക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. വായ്പകൾ

3213. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ധനകാര്യസ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ഓരോ വർഷവും പലിശയിനത്തിൽ നൽകിവരുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

## കെ.എസ്.ആർ.ടി.സി.യിൽ അംഗപരിമിതർക്ക് നിയമനം

3214. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എത്ര അംഗപരിമിതർ സേവനമനുഷ്ഠിച്ചുവരുന്നുണ്ടെന്ന വിവരം ജില്ലതിരിച്ച് നൽകുമോ;

(സി) അംഗപരിമിതരായ ഉദ്യോഗാർത്ഥികളെ മിനിസ്റ്റീരിയൽ സ്റ്റാഫായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മിന്നൽ ബസിൽ സീറ്റ് ബെൽറ്റ് സംവിധാനത്തിന് നടപടി

3215. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യുടെ 'മിന്നൽ' അതിവേഗ സർവ്വീസ് ബസുകളിൽ യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. എറണാകുളം ബസ് സ്റ്റാന്റ്

3216. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് പുതിയ കെട്ടിടം പണിതിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കെട്ടിടം ഇപ്പോൾ ഉപയോഗത്തിൽ ഉണ്ടോയെന്ന് അറിയിക്കാമോ; എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണോ നിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കെട്ടിടം ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ നിർമ്മിച്ച തിന് ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കോവളം മണ്ഡലത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

3217. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിൽ കോവളം നിയോജകമണ്ഡലത്തിലേക്ക് പൂവ്വാർ, നെയ്യാറ്റിൻകര, വിഴിഞ്ഞം, പാറശാല, പാപ്പനംകോട്, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഉണ്ടായിരുന്ന സർവ്വീസുകൾ എത്രയായിരുന്നുവെന്നും സ്റ്റേ ഡ്യൂട്ടി സർവ്വീസുകൾ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും കോവളം നിയോജകമണ്ഡലത്തിലേക്ക് നിലവിലുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ എത്രയെന്നും സ്റ്റേ ഡ്യൂട്ടി സർവ്വീസുകൾ എത്രയെന്നും വിശദമാക്കാമോ;

(സി) ഈ ഡിപ്പോകളിൽ നിന്നും കോവളം നിയോജകമണ്ഡലത്തിലേക്ക് 2016 മേയ് മാസത്തിന് ശേഷം ആരംഭിച്ച സർവ്വീസുകൾ എത്ര; അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

## ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ ഷെഡ്യൂളുകൾ

3218. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതായുള്ള പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) 2018,2019 വർഷങ്ങളിൽ ചടയമംഗലം കെ.എസ്.ആർ.ടി.സി.സബ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്ത സൂപ്പർ ഫാസ്റ്റ്,ഫാസ്റ്റ്, ഓർഡിനറി സർവീസുകളുടെ കണക്ക് വർഷം തിരിച്ച് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) ഇപ്പോൾ ചടയമംഗലം കെ.എസ്.ആർ.ടി.സി.സബ് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സൂപ്പർ ഫാസ്റ്റ്,ഫാസ്റ്റ്, ഓർഡിനറി സർവീസുകളുടെ കണക്ക് ലഭ്യമാക്കാമോ?

## ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

3219. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡിപ്പോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 2019-2020-ൽ റദ്ദാക്കിയിട്ടുള്ള ഗ്രാമീണമേഖലയിലേയ്ക്കുള്ള ലാഭകരമായ സർവ്വീസുകൾ പുനരാരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചേർത്തല-അരൂക്കുറ്റി - മണ്ണാർക്കാട് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്</u>

3220. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം രൂക്ഷമായ ചേർത്തല - അരൂക്കുറ്റി റൂട്ടിൽ അനുവദിച്ച ചേർത്തല-അരൂക്കുറ്റി - മണ്ണാർക്കാട് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ചീഫ് ഓഫീസിൽ നിന്നുള്ള ഉത്തരവ് ലംഘിച്ച് എൻ.എച്ച്. വഴി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ് ഇല്ലെന്ന കാരണത്താൽ ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പ്രസ്തുത സർവ്വീസ് അരൂക്കുറ്റി വഴി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ചേർത്തല - അരൂക്കുറ്റി പാതയുമായി ബന്ധിപ്പിച്ച് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>തൊടുപുഴയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

3221. ശ്രീ.പി.ജെ.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിലെ പുതിയ കെ.എസ്.ആർ.ടി.സി. ഡിപ്പോ എന്നുമുതൽ പ്രവർത്തനക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ഡിപ്പോ വക കടമുറികൾ ലേലം ചെയ്ത വകയിൽ എത്ര തുക ലഭിച്ചുവെന്നും ഇനി എത്ര കടമുറികൾ കൂടി ലേലം ചെയ്യുവാനുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഡിപ്പോയിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണ്;

(ഡി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ചേർത്തലയിൽ നിന്നും കട്ടപ്പനയ്ക്കും കോഴിക്കോട്ടേക്കുമുള്ള സർവ്വീസുകൾ</u>

3222. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും തോപ്പുംപടി-ചെല്ലാനം-പള്ളിത്തോട് വഴി കട്ടപ്പനയ്ക്കും തുറവൂർ-തൈക്കാട്ടുശ്ശേരി പാലം വഴി കോഴിക്കോട്ടേക്കും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നടത്തുന്നതിന് സാധ്യതാപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ ഇല്ലാത്ത ഈ പാതയിൽ പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ചേർത്തലയിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ</u>

3223. ശ്രീമതിഷാനിമോൾ ഉസ്മാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസുകളുടെ കേടുപാടുകളും ജീവനക്കാരുടെ കുറവും കാരണം ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള മണ്ണാർക്കാട്, തലശ്ശേരി, മൂന്നാർ, സൂര്യനെല്ലി, പത്തനംതിട്ട, തേക്കടി എന്നീ ദീർഘദൂര സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ</u>

3224. ശ്രീ.കെ. ആൻസലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയതായി എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ 2016 മുതൽ 2020 വരെ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ ഏതെങ്കിലും അന്തർ സംസ്ഥാന സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; നിർത്തലാക്കിയ ബസുകളുടെ റൂട്ട് ഏതൊക്കെ എന്ന് വിശദീകരിക്കാമോ;

(സി) പുതിയതായി ഏതെങ്കിലും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ശാസ്താംനടയിലേക്കുള്ള കെ.എസ്.ആർ ടി.സി ബസ്സ് സർവ്വീസ്</u>

3225. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ശാസ്താംനട എന്ന സ്ഥലത്തേയ്ക്ക് കെ.എസ്.ആർ ടി.സി.യുടെ ഏതെല്ലാം ഡിപ്പോകളിൽ നിന്നും ഏതെല്ലാം സമയത്ത് സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ അവധി ദിവസങ്ങളിൽ പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവധി ദിവസങ്ങളിലും പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## ബസ് സർവ്വീസിനായി ലഭിച്ച നിവേദനത്തിൻമേൽ നടപടി

3226. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എയർപോർട്ടുമായി ബന്ധപ്പെടുത്തി വിവിധ സ്ഥലങ്ങളിലേക്ക് ലോ ഫ്ളോർ ബസുകൾ ഉൾപ്പെടെ കൂടുതൽ ബസുകൾ സർവ്വീസ് നടത്തണമെന്നാവശ്യപ്പെട്ട് സർക്കാറിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാറിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കൊളക്കുത്ത്-കോഴിക്കോട് റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

## കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് ബസ് സർവ്വീസ്

3227. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് മലപ്പുറത്തേക്ക് ലോഫ്ലോർ ബസ് സർവ്വീസ് നടത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് ബസ് സർവ്വീസ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിൽ നിന്ന് കൊണ്ടോട്ടി-എടവണ്ണപ്പാറ-ഊർക്കടവ്-കോഴിക്കോട് റൂട്ടിൽ പുതിയ ബസ് സർവ്വീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ?

## റോഡ് ടാക്സ് കുടിശ്ശിക

3228. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ടാക്സ് ഇനത്തിൽ കുടിശ്ശിക വരുത്തിയ വാഹന ഉടമകളിൽ നിന്നും തുക ഈടാക്കുന്നതിന് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി ഈ വർഷം നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി എന്നു വരെയായിരുന്നു; കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഈ വർഷം മാർച്ച് മാസം അവസാന തീയതി വരെ പദ്ധതി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

വിശദാംശങ്ങൾ നല്കാമോ?

<u>വാഹനങ്ങളിലെ ജി.പി.എസ്. സംവിധാനം</u>

3229. ശ്രീ.ഷാഫി പറമ്പിൽ

,, സണ്ണി ജോസഫ്

,, പി.ടി. തോമസ്

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.പി.എസ്.സംവിധാനത്തോടെ പ്രവർത്തിക്കുന്ന വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സംസ്ഥാനത്തെ വാഹനങ്ങളിൽ നിർബന്ധമാക്കേണ്ടതില്ല എന്ന് ഗതാഗത വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാനം വേണ്ടത്ര ശ്രദ്ധ കാട്ടിയില്ല എന്ന് കാണിച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് എത്ര ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ഇതിനകം സ്കൂൾ ബസ്സുകൾ ഉൾപ്പെടെ എത്ര ബസ്സുകളിൽ ഈ സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്; അത് ആകെ ഉള്ള വാഹനങ്ങളുടെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

<u>ആർ.ടി..ഒ. തസ്തികയിൽ നിയമിക്കപ്പെടാനുള്ള യോഗ്യത</u>

3230. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം മോട്ടോർ വാഹന ഇൻസ്പെക്ടർ മുതൽ ആർ.ടി.ഓഫീസർ വരെയുള്ള തസ്തികയിൽ നിയമിക്കപ്പെടാനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം യോഗ്യതകൾ ഇല്ലാത്തവർ ഇപ്പോൾ ഏതെങ്കിലും തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടോ; യോഗ്യതകൾ ഇല്ലാത്തവർ ആരെങ്കിലും ആർ.ടി.ഒ.മാരായി ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരുടെ പേരും ജോലി ചെയ്യുന്ന ഓഫീസുകളുടെ വിവരവും നൽകാമോ;

(സി) അവിനാശി അപകടം അന്വേഷിച്ച ആർ.ടി.ഓഫീസർക്ക് സാങ്കേതിക യോഗ്യത ഇല്ലെന്ന വാർത്ത ശരിയാണോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ക്ലർക്കായി ജോലി ചെയ്തതിനുശേഷം സൂപ്രണ്ടായി സ്ഥാനക്കയറ്റം കിട്ടിയവർക്ക് സാങ്കേതിക യോഗ്യതകളില്ലെങ്കിലും നേരിട്ട് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സൂപ്പർ വൈസറി തസ്തികയായ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്കും തുടർന്ന് ആർ.ടി.ഒ. തസ്തികയിലേക്കും നിയമനം ലഭിക്കാറുണ്ടോ;

(ഇ) എങ്കിൽ കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനമാണോ ഇതെന്ന് വ്യക്തമാക്കാമോ; 1981-ലെ വിശേഷാൽ ചട്ടങ്ങളുടെ ചുവടുപിടിച്ചാണോ മോട്ടോർ വാഹന വകുപ്പിൽ ഇപ്പോഴും നിയമനങ്ങൾ നടക്കുന്നതെന്നും ഈ ചട്ടങ്ങളിൽ ഒരിടത്തും തന്നെ ക്ലറിക്കൽ സൂപ്രണ്ടുമാരിൽ നിന്നും

ഇപ്രകാരം ജോയിന്റ് ആർ.ടി.ഒ. ആകുന്നതിന് സാങ്കേതിക യോഗ്യതയിൽ ഇളവുള്ളതായി പറഞ്ഞിട്ടില്ലെന്നതും ശരിയാണോ എന്ന് വ്യക്തമാക്കാമോ?

## ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്കുള്ള പ്രമോഷൻ

3231. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്കുള്ള പ്രമോഷനിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് എത്ര ശതമാനം തസ്തികകളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ?

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

3232. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ്-ന്റെ 2019 മാർച്ച് 8-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യത മെക്കാനിക്കൽ/ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് ഡിപ്ലോമയും ലൈറ്റ് മോട്ടോർ വെഹിക്കിൾ ഓടിക്കുന്നതിനുള്ള ലൈസൻസുമായി നിജപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ടോ; ഈ ഭേദഗതി കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭേദഗതി വരുത്തിയ യോഗ്യത പ്രകാരമാണോ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുകയെന്ന് വെളിപ്പെടുത്തുമോ; അല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

## വിദ്യാർത്ഥികളുടെ സുരക്ഷിതയാത്രക്കുള്ള വാഹനപരിശോധന

3233. **ശ്രീ.സി. കെ. ശശീന്ദ്രൻ**

**,,** ആന്റണി ജോൺ

**,,** കെ.വി.വിജയദാസ്

**,,** കെ.ഡി. പ്രസേനൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ബസ്സുകളിലും വിദ്യാർത്ഥികൾ യാത്ര ചെയ്യുന്ന മറ്റ് സ്വകാര്യ വാഹനങ്ങളിലും എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന്

അറിയിക്കാമോ;

(ബി) സ്കൂൾ ബസ് ഡ്രൈവർമാർ, മറ്റ് ജീവനക്കാർ എന്നിവർക്കായി സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം ബോധവത്കരണ ക്ലാസ്സുകളാണ് മോട്ടോർ വാഹന വകുപ്പ് സംഘടിപ്പിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതു യാത്രാ വാഹനങ്ങൾക്ക് വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (വി.എൽ.റ്റി.ഡി) ഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

## വൈപ്പിൻ സബ് ആർ.ടി. ഓഫീസ്

3234. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതുതായി സബ് ആർ.ടി. ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

## ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി

3235. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

## നാദാപുരത്ത് സബ് ആർ.ടി.ഒ. ഓഫീസ്

3236. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വടകര ആർ.ടി.ഒയിൽ ഏറ്റവും കൂടുതൽ വാഹനം രജിസ്റ്റർ ചെയ്യപ്പെടുന്നത് നാദാപുരം മേഖലയിൽ നിന്നായതുകൊണ്ട് നാദാപുരത്ത് ഒരു സബ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് അറിയിക്കുമോ?

## പയ്യന്നൂരിലെ ജോയിന്റ് ആർ.ടി. ഓഫീസ്

3237. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ അനുവദിച്ച ജോയിന്റ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>പുത്തൻകുരിശിലെ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം</u>

3238. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പുത്തൻകുരിശിൽ നിർമ്മിക്കുന്ന ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രത്തോടനുബന്ധിച്ച് ജോയിന്റ് ആർ.ടി.ഒ. സബ് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ജലഗതാഗത രംഗത്ത് വരുത്തിയ പരിഷ്കാരങ്ങൾ</u>

3239. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലഗതാഗത രംഗത്ത് വരുത്തിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പുതിയതായി എത്ര സർവ്വീസുകൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ;

(സി) പുതിയ റൂട്ടുകളിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം</u>

3240. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

<u>കരയിലും വെള്ളത്തിലും ഓടിക്കാനാകുന്ന വാട്ടർ ബസ്സ് സർവ്വീസ്</u>

3241. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരയിലും വെള്ളത്തിലും ഓടിക്കാനാകുന്ന വാട്ടർ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) വാട്ടർ ബസ്സുകൾ ഇറക്കുമതി ചെയ്യുന്നതിനാണോ സ്വന്തമായി നിർമ്മിക്കുന്നതിനാണോ ജലഗതാഗത വകുപ്പ് ആലോചിക്കുന്നത്; വ്യക്തമാക്കുമോ?

<u>സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസ്</u>

3242. ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ

3243. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ ജലഗതാഗത വകുപ്പിന്റെ ഏതെല്ലാം സർവ്വീസുകൾ നടന്നുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ സർവ്വീസ് സംബന്ധമായ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കൂടുതൽ സർവ്വീസുകൾ ഇവിടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, — എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, — സെക്രട്ടറി,

08-03-2020

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.